
LIGHTED TO LIGHTEN

# ഹെർമോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക | 2017 ഏപ്രിൽ - ജൂൺ | ലക്കം: 5



**സഹനവഴിയിലൂടെ ഉത്ഥിതനോടൊപ്പം
സഹസഞ്ചാരികളാകുവാൻ...
സാന്ത്വന സ്പർശമാകുവാൻ...
സാക്ഷികളാകുവാനുള്ള നിയോഗം**

# ST. THOMAS SENIOR SECONDARY SCHOOL

(Affiliated to CBSE, New Delhi, Code No. 930660)

KATTANAM, PALLICKAL P.O., ALAPPUZHA - 690503

Ph : 0479 - 2330844, 2332014, stemskattanam@yahoo.co.in

Estd: 1995

Manager : Rev. Dr. George Mathew

Principal : Prof. Dr. Babu K.



## Salient Features

- Run by the Charitable Trust of Kattanam St. Thomas Marthoma Church
- Competent and committed Teachers to transform children to quality citizens
- Value based, Technology enabled Teaching - Learning process
- Provision for Mentoring, Counselling & Career guidance
- Well equipped and Modern Labs, Library and Smart Class
- In pursuit of Excellence in Education & Overall Personality Development
- Active participation and winners of National and State level Awards, Gold and Silver medels, Cash awards and Scholarships in Cultural, Arts and Academic events
- Excellent results in CBSE Board examination in class X and XII

# ADMISSIONS TO 2017-'18 OPEN

ADVT.

ഹെർമ്മോൻ ദൂതൻ



# ഉള്ളടക്കം


ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ

എഡിറ്റോറിയൽ

**6** **ഉയിർപ്പ് ഉയിരേകിയ പൂർണ്ണതയുടെ അടയാളപ്പെടുത്തലുകൾ**
ഉയിർപ്പിന്റെ ഉയിരും ഉണർവ്വും ഉണ്മയും വെളിവാക്കുന്ന ധ്യാനാത്മക ചിന്ത

**8** **ഉത്ഥിതൻ: വേറിട്ട വഴികളിലെ സഹസഞ്ചാരി**
ഉത്ഥിതനായ ക്രിസ്തുവിന്റെ പ്രത്യക്ഷതയുടെ ഇടങ്ങളെപ്പറ്റിയുള്ള ദൈവശാസ്ത്രപരമായ സമീപനം

**11** **ഉയിർപ്പനുഭവം ഇന്നിന്റെ നിയോഗങ്ങളുടെ നേർക്കാഴ്ചകൾ**
ഉയിർപ്പിന്റെ നിയോഗവഴിയിലെ സാമൂഹികമാനങ്ങൾ വെളിവാക്കുന്ന ലേഖനം

**17** **അവധിക്കാലം ആഘോഷമാക്കാം**
അർത്ഥവത്തായി അവധിക്കാലം പ്രയോജനപ്പെടുത്തുവാനുള്ള നുറുങ്ങ് ചിന്തകൾ

**19** **മാതൃകയാകേണ്ടുന്ന മാതാപിതാക്കൾ**
ധന്യമായ മാതൃകാജീവിതത്തെപ്പറ്റിയുള്ള പഠനം

**21** **വലിയ തിരുമേനി**
കവിത – വലിയ തിരുമേനിയുടെ ജീവിതത്തിലൂടെ ഒരു സഞ്ചാരം

**22** **സാന്ത്വന പരിചരണം**
സഭയുടെ ദൗത്യത്തെപ്പറ്റിയുള്ള പുത്തൻകാഴ്ചപ്പാടുകൾ നൽകുന്ന ലേഖനം

**25** **അത്ഭുതതാരം: വില്മ റുഡോൾഫ്**
ജീവിതം തളർന്നയിടത്തുനിന്നും തളിർത്ത അനുഭവ കഥ

**26** **കൗമാരവും ശാരീരിക മാറ്റങ്ങളും**
കൗമാരപ്രായത്തിലുളവാകുന്ന ശാരീരിക മാറ്റങ്ങളെ അറിയുവാൻ സാധിക്കുന്ന ലേഖനപരമ്പര



പ്രസിഡന്റ്
**റൈറ്റ് റവ.ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഭദ്രാസന സെക്രട്ടറി
**റവ. വി. കുഞ്ഞുകോശി**

ചീഫ് എഡിറ്റർ
**റവ. പി.ജെ. തോമസ്**

മാനേജർ
**റവ. ഷിബു മാത്യു**

കൺവീനർ
**ശ്രീ. എബി പാപ്പച്ചൻ**

കമ്മിറ്റി അംഗങ്ങൾ
**റവ. ജോർജ്ജ് ഏബ്രഹാം**
**ശ്രീ. ജോസഫ് വർഗീസ്**
**ശ്രീ. ഫിലിപ്പ് വർഗീസ്**
**ശ്രീ. ജേക്കബ് ജോർജ്ജ്**

കവർ & ലേഔട്ട്
**ജ്യുവൽ ഗ്രാഫിക്സ്, അടൂർ**



വിലാസം:
എഡിറ്റർ
ഹെർമ്മോൻ ദൂതൻ
ഹെർമ്മോൻ, അടൂർ–691 523

Ph: 04734 228240
hermondoothan@gmail.com
www.adoordiocese.org



**വാർഷിക വരിസംഖ്യ – 50/–**



# ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

**ക**ർത്താവിൽ പ്രിയമുള്ളവരെ,

ധന്യമായ വലിയനോമ്പിന്റെ നാളുകൾ ആഗതമായല്ലോ. നസ്കാരവും, തിരുവചനധ്യാനവും, ഇതരശിക്ഷണങ്ങളും കുടുംബങ്ങളിലും ഇടവകകളിലും ക്രമീകൃതമായി നടക്കുന്നു എന്നു കരുതുന്നു. നോമ്പ് നമസ്കാരം നമ്മെ ഓരോരുത്തരെയും നിർമ്മലജീവിതം നയിക്കുന്നതിന് സഹായിക്കുന്നതാകണം. ജീവിത വിശുദ്ധിപോലെ തന്നെ സാമൂഹ്യഘടനകൾക്കും നേരിന്റെ അനുഭവമുണ്ടാകുവാൻ ആവോളം യത്നിക്കണം. വലിയനോമ്പിന്റെ പരിസമാപ്തിയായ പീഡാനുഭവയാഴ്ചയിലെ ശുശ്രൂഷകളിലേക്ക് പ്രവേശിക്കുകയാണല്ലോ. “എനിക്ക് ക്രിസ്തുയേശുവിന്റെ ക്രൂശിലല്ലാതെ മറ്റൊന്നിലും പുകഴുവാൻ ഇടയാകരുത്” എന്നുള്ള വിശുദ്ധ പൗലോസിന്റെ നിശ്ചയം നമുക്കും യാഥാർത്ഥ്യമായിത്തീരണം.” “ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്വവും, രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയുമാകുന്നു.” (1 കൊരി. 1:18). നമ്മുടെ കർത്താവിന്റെ പീഢാസഹനങ്ങളെ ധ്യാനിക്കുന്ന നാളുകൾ അതീവജാഗ്രതയോടുകൂടി പാലിക്കണം, അതിന് സഹായമാകുംവിധം നമ്മുടെ ഭവനങ്ങളും ദൈവാലയങ്ങളും ഒരുങ്ങണം. സകല മരണശക്തികളുടെയും മേലുള്ള വിജയം ആയിരിക്കണം ഉയിർപ്പിന്റെ അനുഭവം. മരണശക്തികൾ മുമ്പെന്നത്തേക്കാളും നമ്മെയും, നമ്മുടെ സമൂഹത്തെയും വലയം ചെയ്തിരിക്കുന്ന അതീവ ദുർഘടം പിടിച്ച നാളുകളെയാണ് നാം അഭിമുഖീകരിക്കുന്നത്. ക്രൂശിൽ വെളിപ്പെട്ട ദൈവസ്നേഹത്തിന്റെയും ക്ഷമയുടെയും കരുതലിന്റെയും ഭാവമുള്ളവരായിത്തീരുവാൻ നമുക്കേവർക്കും കഴിയട്ടെ എന്ന് ആശംസിക്കുകയും, ഏവർക്കും ഉയിർപ്പ് പെരുന്നാളിന്റെ ആശംസകൾ അറിയിക്കുകയും ചെയ്യുന്നു.

ഇതിനോടകം പുതിയ സാമ്പത്തിക വർഷത്തേക്കുള്ള ഇടവക ചുമതലക്കാരെയും, കമ്മിറ്റിയംഗങ്ങളെയും, സംഘടനാചുമതലക്കാരെയും തെരഞ്ഞെടുത്തിട്ടുണ്ടല്ലോ. 2016-17 സാമ്പത്തിക വർഷത്തിലെ കണക്കുകൾ സമയബന്ധിതമായി ഇന്റേണൽ, എക്സ്റ്റേണൽ ഓഡിറ്റിംഗുകൾ നടത്തി, പൊതുയോഗത്തിൽ അവതരിപ്പിച്ച് തെരട്ടും, പുതുവർഷത്തേക്കുള്ള ബഡ്ജറ്റും പാസ്സാക്കി, ഭരണഘടന അനുശാസിക്കും പ്രകാരം മെയ് 31-നകം ഭദ്രാസന ഓഫീസിൽ എത്തിച്ചിരിക്കേണ്ടതാണ്. മാറിവരുന്ന ഗവൺമെന്റുകളുടെ നിഷ്കർഷയ്ക്ക് അനുസരിച്ച് നമ്മുടെ സാമ്പത്തിക കാര്യവിചാരകത്വം ശ്രദ്ധയോടെ നിർവ്വഹിച്ചിരിക്കണം. ഓരോ വർഷവും ചുമതലക്കാരായി വരുന്നവർ, സഭ നിങ്ങളിൽ ഭരമേൽപ്പിക്കുന്ന ഉത്തരവാദിത്തങ്ങൾ നിഷ്ഠയോടെ നിർവ്വഹിക്കണമെന്ന് പറയേണ്ടതില്ലല്ലോ. പുതിയ വർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ഭദ്രാസന പ്രവർത്തനങ്ങളുടെ നിർവ്വഹണത്തിന് സഹായകമായ തുകകൾ വകകൊള്ളിക്കുന്നതിന് ഉത്സാഹിക്കണം. എല്ലാ ഇടവകയും “ഹെർമ്മോൻ ദൂതന്” നൽകേണ്ട തുകയും, ഭദ്രാസന കൺവൻഷൻ, ക്രിസ്തുമസ് പ്രോഗ്രാം തുടങ്ങിയ ചെലവുകളിലേക്കും, മിഷൻ പ്രവർത്തനങ്ങൾക്കായും തുക വകകൊള്ളിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം.

സെന്റർ-ഭദ്രാസനതല സംഘടനകളുടെ വാർഷിക സമ്മേളനങ്ങൾ എത്രയും വേഗം കൂട്ടുകയും അടുത്ത മൂന്ന് വർഷത്തേക്കുള്ള ചുമതലക്കാരെയും, കമ്മിറ്റിയംഗങ്ങളെയും തെരഞ്ഞെടുക്കുകയും ചെയ്യണം. ചുമതലകൾ ഏറ്റെടുക്കുന്നവർ തങ്ങളുടെ പരമാവധി സമയവും, സൗകര്യങ്ങളും ഇതിനായി നൽകി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം.

സ്പിരിച്വാലിറ്റി സെന്ററിൽ വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നത് ഏവരുടെയും ശ്രദ്ധയിൽ ഇരിക്കണം. എല്ലാ മാസത്തിന്റെയും ഒന്നാം ശനിയാഴ്ച രാവിലെ മുതൽ ഉച്ചവരെ നടക്കുന്ന കരിസ്മാറ്റിക് കൂടിവരവിൽ കഴിവുള്ളേടത്തോളം ആളുകൾ വന്ന് സംബന്ധിക്കണം. രണ്ടാം ശനിയാഴ്ച തോറും കൗമാരക്കാരായ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കുവേണ്ടി "കോർ ഗ്രൂപ്പ് യൂത്ത് ഫെലോഷിപ്പ്" നടന്നുവരുന്നു. വിദഗ്ധരായ വിദ്യാഭ്യാസ-മനഃശാസ്ത്ര-സാമൂഹ്യ പ്രവർത്തകർ ക്ലാസുകൾക്ക് നേതൃത്വം നൽകുന്നു. കൗമാരക്കാരായ തങ്ങളുടെ മക്കളെ ഉത്സാഹപ്പെടുത്തി ഇതിൽ സംബന്ധിക്കുന്നത് അവരുടെ ഭാവിക്ക് ഏറെ സഹായകരമാണ്. "പെയിൻ & പാലിയേറ്റീവ് കെയർ" ശുശ്രൂഷയ്ക്കുവേണ്ടി പുഷ്പഗിരി മെഡിക്കൽ കോളേജിലെ പരിചയസമ്പന്നരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം നൽകിവരുന്നു. പരിശീലനം സിദ്ധിച്ചവർക്ക് സർട്ടിഫിക്കറ്റ് നൽകി അവരെ ഇടവകകൾ തോറും ഈ ശുശ്രൂഷയ്ക്ക് പ്രയോജനപ്പെടുത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തുവരുന്നു. സ്പിരിച്ചാലിറ്റി സെന്ററിലെ 'ലൈബ്രറി' ഗവേഷണത്തിനുപോലും ഉപകരിക്കത്തക്ക വിധത്തിൽ ധാരാളം ഈടുറ്റ ഗ്രന്ഥങ്ങൾ വാങ്ങി സുസ്സജ്ജമാക്കിയിരിക്കുന്നു. ഏവർക്കും ഇതിന്റെ പ്രയോജനമെടുക്കുന്നതിന് സമയം വിനിയോഗിക്കാവുന്നതാണ്.

നമ്മുടെ "അനുഗ്രഹ ഡി-അഡിക്ഷൻ & കൗൺസിലിംഗ്-സെന്ററിന്റെ പ്രവർത്തനം ഭംഗിയായി നടക്കുന്നു. ഡി-അഡിക്ഷൻ ക്യാമ്പുകൾക്കും മറ്റ് പ്രവർത്തനങ്ങൾക്കും ഉപകരിക്കത്തക്കവിധത്തിൽ "മാർ ക്രിസോസ്റ്റം ജന്മശതാബ്ദി ബ്ലോക്ക്" നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു.

2017-20 കാലഘട്ടത്തിലെ ആദ്യ അസംബ്ളിയോഗം 2017 ജൂലൈ മാസം 08-ാം തീയതി (രണ്ടാം ശനിയാഴ്ച) രാവിലെ 10 മണിക്ക് കൺവൻഷൻ നഗറിൽ നടത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നു. അസംബ്ലി അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള എല്ലാവരും തന്നെ ഈ യോഗത്തിൽ വന്ന് സംബന്ധിക്കണമെന്ന് താല്പര്യപ്പെടുന്നു.

അടൂർ ഭദ്രാസനത്തിൽ അനുഗ്രഹകരമായ ശുശ്രൂഷകൾ നിർവ്വഹിച്ച് മറ്റ് ഭദ്രാസനങ്ങളിലേക്ക് സ്ഥലം മാറിപ്പോകുന്ന ബഹുമാനപ്പെട്ട അച്ചന്മാരോടും, കുടുംബാംഗങ്ങളോടും സ്നേഹവും നന്ദിയും അറിയിക്കുന്നു. വികാരി ജനറൽ വന്ദ്യ ദിവ്യശ്രീ. സ്കറിയാ ഏബ്രഹാം കശീശ്ശാ, ദിവ്യശ്രീ. മാമ്മൻ ശാമുവേൽ കശീശ്ശാ, ദിവ്യശ്രീ. മാത്യു സെഖറിയാ കശീശ്ശാ എന്നിവർ സജീവ സേവനത്തിൽനിന്നും ഈ വർഷം വിരമിക്കുകയാണല്ലോ. ഏതാണ്ട് നാല് പതിറ്റാണ്ടോളം അനേക ഇടവകകളിലും മറ്റ് ശുശ്രൂഷകളിലും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച പ്രിയപ്പെട്ട അച്ചൻമാർക്കും കുടുംബാംഗങ്ങൾക്കും സഭയുടെ അഭിനന്ദനങ്ങൾ. വിശ്രമജീവിതം കൂടുതൽ പ്രയോജനകരമായി ചിലവഴിക്കുവാൻ പരമകാരുണ്യവാനായ ദൈവം ആരോഗ്യവും, അവസരവും നൽകി പരിപാലിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മെയ്മാസം ഒന്നാം തീയതിയോടുകൂടി നമ്മുടെ ഭദ്രാസനത്തിൽ പുതുതായി ചുമതലയിൽ പ്രവേശിക്കുന്ന അച്ചന്മാരെയും കുടുംബങ്ങളെയും സസന്തോഷം സ്വാഗതം ചെയ്യുന്നു.

ദൈവരാജ്യ പ്രവർത്തനത്തിൽ ഏവർക്കും ഒത്തൊരുമിച്ച് പങ്കാളികളാകുവാൻ സർവ്വശക്തനായ ദൈവം നമ്മെ ഏവരെയും സഹായിക്കട്ടെ.

കർത്താവേശുമശിഹായുടെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ.

കർത്തൃശുശ്രൂഷയിൽ

ഹെർമ്മോൻ അരമന

2017 ഏപ്രിൽ 1

Mar paulos +

**മാർ പൗലൊസ് എപ്പിസ്കോപ്പാ**

# ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ......



നമ്മുടെ ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്ന ദൈവകൃപയ്ക്കായി സ്തോത്രം. അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് തിരുമേനിയുടെ നേതൃത്വവും ബഹുമാനപ്പെട്ട അച്ചന്മാരുടെ സഹകരണവും ഭദ്രാസനത്തിന്റെ പ്രവർത്തനത്തിന് ഏറെ സഹായകരമായിരുന്നു.

ഭദ്രാസന കൺവൻഷൻ ജനുവരി 4 മുതൽ 8 വരെ കൺവൻഷൻ സെന്ററിൽവെച്ച് അനുഗ്രഹപ്രദമായി നടന്നു. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി കൺവൻഷൻ ഉദ്ഘാടനം ചെയ്തു. ഡോ. ഏബ്രഹാം മാർ പൗലൊസ് തിരുമേനിയെ കൂടാതെ അഭിവന്ദ്യരായ ഡോ. യൂയാക്കിം മാർ കൂറിലോസ്, ജോസഫ് മാർ ബർന്നബാസ്, ഡോ. തോമസ് മാർ തീത്തോസ് എന്നീ തിരുമേനിമാരുടെ സാന്നിദ്ധ്യവും പ്രാർത്ഥനയും വളരെ അനുഗ്രഹിക്കപ്പെട്ടതായിരുന്നു. കൺവൻഷന്റെ സമാപനത്തോടനുബന്ധിച്ച് അഭിവന്ദ്യ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി ആഘോഷപരിപാടി വളരെ ശ്രദ്ധേയമായിരുന്നു. അനുഗ്രഹ ഡി-അഡിക്ഷന്റെ ആവശ്യത്തിലേക്കായി നിർമ്മിക്കുന്ന "മാർ ക്രിസോസ്റ്റം സെന്റീനറി ബ്ലോക്കിന്റെ അടിസ്ഥാനശിലയും അനുഗ്രഹിച്ചു നൽകി.

എല്ലാ മാസത്തിലും ആദ്യ ശനിയാഴ്ച നടന്നുവരുന്ന ആത്മീയ ഉണർവ്വ് കൂട്ടായ്മ ക്രമമായി നടക്കുന്നു. മാർ ക്രിസോസ്റ്റം സെന്ററിനറി ബ്ലോക്കിന്റെ നിർമ്മാണം നടക്കുന്നതിനാൽ ഈ മാസങ്ങളിൽ ഡി-അഡിക്ഷൻ ക്യാമ്പ് നടത്തുവാൻ സാധിച്ചില്ല. ഉടനെതന്നെ പുനരാരംഭിക്കുന്നതാണ്. സമൂഹത്തിൽ വേദന അനുഭവിക്കുന്നവർക്ക് ആശ്വാസവും, മാറാരോഗികൾക്ക് സാന്ത്വനം ഏകുവാനും ഇടവകകളിൽ പാലിയേറ്റീവ് കെയർ യൂണിറ്റ് തുടങ്ങുവാനുമായി ഭദ്രാസനമായി ഫെബ്രുവരി 25-നും മാർച്ച് 25-നും പുഷ്പഗിരി മെഡിക്കൽ കോളേജ് പാലിയേറ്റീവ് കെയർ യൂണിറ്റിൽ പ്രവർത്തിക്കുന്ന ഡോക്ടേഴ്സിന്റെയും റവ. വർഗ്ഗീസ് കെ. ഏബ്രഹാമിന്റെയും നേതൃത്വത്തിൽ ട്രെയിനിംഗ് നടത്തുകയുണ്ടായി. തുടർന്ന് രണ്ട് ഏകദിന ട്രെയിനിംഗ് കൂടി ക്രമീകരിക്കുന്നുണ്ട്. തുടർച്ചയായി ഇതിൽ വന്നു സംബന്ധിക്കണമേ.

നമ്മുടെ ഭദ്രാസന അസംബ്ലി ജൂലൈ മാസം എട്ടാം തീയതി ശനിയാഴ്ച നടത്തുവാനുള്ള ക്രമീകരണം ചെയ്തുവരുന്നു. അസംബ്ലി അംഗങ്ങളുടെ തെരഞ്ഞെടുപ്പ് വിവരങ്ങൾ നിശ്ചിതഫോമിൽ ഭദ്രാസന ഓഫീസിൽ താമസംവിനാ അറിയിക്കേണമേ. സ്ഥാപനങ്ങളുടെയും, മിഷൻ കേന്ദ്രങ്ങളുടെയും റിപ്പോർട്ടും എത്രയും പെട്ടെന്ന് ഓഫീസിൽ നൽകണം.

മെയ് മാസം ഒന്നാം തീയതി നമ്മുടെ ഭദ്രാസനത്തിൽനിന്ന് മറ്റ് ഭദ്രാസനത്തിലേക്ക് സ്ഥലം മാറിപ്പോകുന്ന ബഹുമാനപ്പെട്ട അച്ചന്മാരിൽനിന്ന് ഭദ്രാസനത്തിന് ലഭിച്ച എല്ലാ നേതൃത്വത്തിനും സഹായ സഹകരണങ്ങൾക്കും നന്ദി അറിയിക്കുന്നു. പുതുതായി ഭദ്രാസനത്തിലേക്ക് വരുന്ന അച്ചന്മാരെ വളരെ സന്തോഷത്തോടെ ഭദ്രാസനത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

പുതിയ സാമ്പത്തികവർഷം ദൈവകൃപയിലാശ്രയിച്ച് പ്രവർത്തിക്കുവാൻ സർവ്വശക്തൻ നമ്മെ ബലപ്പെടുത്തട്ടെ.

**റവ. വി. കുഞ്ഞുകോശി**

ഭദ്രാസന സെക്രട്ടറി



Editorial

# ഉത്ഥിതനായ ക്രിസ്തുവിനോടൊപ്പം....

മനുഷ്യന്റെ മർത്യത മാറ്റി മഹത്വത്തിലേക്കു നയിക്കുന്ന മഹാസംഭവമാണ് ക്രിസ്തുവിന്റെ ഉത്ഥാനം. ജീർണതയിൽനിന്നും ജീവനിലേക്കും അസ്വസ്ഥതയിൽനിന്നും ആനന്ദത്തിലേക്കും സംഘർഷത്തിൽനിന്നും സമാധാനത്തിലേക്കുമുള്ള പ്രയാണമാണിത്. ക്രൂശിന്റെ സഹനവഴികളിലൂടെ മരണത്തിന്റെ ശക്തികളെ ഭേദിച്ചു ജീവന്റെ സംസ്കാരത്തിനു നാന്ദി കുറിക്കുന്നു. പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളെ വ്യക്തമായി വീക്ഷിക്കുവാനും വ്യത്യസ്തമായി വ്യാഖ്യാനിക്കുവാനും ഈ ചരിത്രസംഭവം നമ്മെ ആഹ്വാനം ചെയ്യുന്നു. കണ്ണുനീരിനപ്പുറം കമ്രദമായി കർത്താവ് കാത്തു നിൽക്കുന്നു എന്നുള്ള തിരിച്ചറിവു നമ്മുടെ സഞ്ചാരപഥത്തെ ദീപ്തമാക്കുന്നു.

സൂര്യപ്രഭയാൽ പ്രകൃതി സജീവമാകുന്നതുപോലെ ഉത്ഥാനത്തിന്റെ പ്രഭയാൽ മങ്ങലേറ്റ മാനവസംസ്കാരത്തിനു മാനവികതയുടെ പുത്തൻ ഉണർവ്വും ഉന്മേഷവും ലഭ്യമാകുന്നു. യേശുവിന്റെ പുനരുത്ഥാനത്തിന്റെ ഏറ്റവും ശക്തമായ തെളിവ് ഒഴിഞ്ഞ ശവക്കല്ലറയല്ല ശിഷ്യഗണത്തിന്റെ ജീവിതശൈലിയിൽ പ്രകടമായ സമഗ്രമായ രൂപാന്തരമാണ്. അവർ ആർജ്ജിച്ച സമാധാനം അവരിൽ സവിശേഷമായ ചലനം സൃഷ്ടിച്ചു. ക്രിസ്തുവിന്റെ സഹയാത്രികരായി സാന്ത്വനസ്പർശമായി നിലകൊള്ളുവാനും സമാധാനത്തിന്റെ വക്താക്കളായി പരിണമിക്കുവാനും സാക്ഷ്യത്തിന്റെ പുത്തൻതലങ്ങളിലേക്കു ഇറങ്ങിച്ചെല്ലുവാനും അവർക്കു സാധിച്ചു.

കർത്താവ് ശിഷ്യഗണത്തിനു നൽകിയ "സർവ്വജാതികളേയും ശിഷ്യരാകുവാനുള്ള നിയോഗശുശ്രൂഷ തന്നെയാണ് ക്രിസ്തുസഭയേയും ഭരമേൽപ്പിച്ചിരിക്കുന്നത്. 'ശിഷ്യരാകുക ശിഷ്യരാക്കുക' എന്നുള്ളത് ജീവിതശൈലിയിൽ പ്രായോഗികമാക്കേണ്ടുന്ന പ്രക്രീയയാണ് അതിന്റെ അർത്ഥതലങ്ങൾ ആഴമുള്ളതും അനന്തമായ സാദ്ധ്യതയിലേക്ക് നയിക്കുന്നതുമാണ്. ശിഷ്യരാക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

To transform the community into a determined life style
അവബോധമുള്ള ജീവിതശൈലിയിലേക്ക്
സമൂഹത്തിനെ പരിവർത്തിപ്പിക്കുക.

To turn the community into a dedicated life style
അർപ്പണബോധമുള്ള ജീവിതശൈലിയിലേക്ക്
സമൂഹത്തെ പരിണയിപ്പിക്കുക

To teach the community into a disciplined life style.
അച്ചടക്കബോധ്യമുള്ള ജീവിതശൈലിയിലേക്ക്
സമൂഹത്തെ പരിശീലിപ്പിക്കുക.

To tune the community into a devoted life style
ആത്മീയബോധമുള്ള ജീവിതശൈലിയിലേക്കു
സമൂഹത്തെ പൊരുത്തപ്പെടുത്തുക.

ഉത്ഥിതനായ ക്രിസ്തുവിനോടൊത്ത് നവസമൂഹത്തെ കെട്ടുപണി ചെയ്യുവാൻ സർവ്വേശൻ നമ്മെ സഹായിക്കട്ടെ.

**റവ. പി.ജെ. തോമസ്**
ചീഫ് എഡിറ്റർ

# ഉയിർപ്പ് ഉയിരേകിയ പൂർണ്ണതയുടെ അടയാളപ്പെടുത്തലുകൾ

ലൂക്കോസ് 24 : 1-12

**വേദനിക്കപ്പെട്ടിരിക്കുന്ന വർക്കും, നിരാശ യിലായിരുക്കുന്നവർക്കും പ്രതീക്ഷയുടെ പുത്തൻ അടയാളമാണ് ഉയിർപ്പ്**



റവ. ബിജു റ്റി.

കർത്താവായ യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് ഒരു പുതു സമൂഹ നിർമ്മിതിയുടെ അടിസ്ഥാന ശിലയാണ് എന്ന് പറയുന്നതിൽ തർക്കമില്ല. ചിതറിപ്പോയ ഒരു സമൂഹത്തെ ബലപ്പെടുത്തി ഒരേ ചരടിൽ കോർത്തിണക്കണമെങ്കിൽ അതിശക്തമായ ഒരു കാരണം ആവശ്യമായിരുന്നു. ഉയിർത്തെഴുന്നേല്പ്പ് എന്ന അതിശക്തമായ അനുഭവത്തിലൂടെ ചിതറിപ്പോയിരുന്ന ഒരു സമൂഹം അതിന്റെ നിലനിൽപ്പിനാവശ്യമായ ശക്തി ആർജ്ജിച്ചെടുത്തു. മരണത്തിന്റെ വേദന മാറി ജീവന്റ ആഘോഷത്തിനും ജീവന്റെ വസന്തത്തിനും പുതുജീവൻ കുറിക്കപ്പെടുകയും ചെയ്തു. ജീവന്റെ പൂർണ്ണതയിലേക്ക് ഒരു സമൂഹത്തെ വിളിച്ചിറക്കുവാൻ ഉയിർപ്പ് എന്ന മഹാസത്യത്തിനു സാധിച്ചു. നിരാശയുടെ മദ്ധ്യത്തിൽ സാന്ത്വനത്തിന്റെയും, പ്രതീക്ഷയുടെയും നിറവസന്തമായി ഉയിർപ്പിന്റെ അനുഭവം മാറുന്നു. ആയതിനാൽ ഉയിർപ്പ് നിത്യമായ യാഥാർത്ഥ്യവും സത്യവുമാണ്.

ശവസംസ്ക്കാരത്തിന് ശേഷം യഹുദരുടെ ഇടയിൽ ഉള്ള ചടങ്ങാണ് സുഗന്ധദ്രവ്യം പുശൂക എന്നത്. സ്ത്രീകൾ ഈ ശുശ്രൂഷ ചെയ്യുവനായി കല്ലറയിൽ എത്തി എന്നാണ് ഈ വേദ ഭാഗത്ത് നാം കാണുന്നത് (വാക്യം 1) കല്ലറയിലേക്ക് പോകുമ്പോൾ ഉയിർത്തെഴുന്നേൽപ്പിനെക്കുറിച്ച് ഉള്ള കാര്യങ്ങൾ അവരുടെ ചിന്താ മണ്ഡലങ്ങളിൽ ഉണ്ടായിരുന്നില്ല എന്നു കാണാൻ കഴിയും. ക്രിസ്തു അത് മുൻകൂട്ടി പറഞ്ഞിരുന്നിട്ട് പോലും അവരുടെ കല്ലറയിലേക്കുള്ള യാത്രയിൽ അവർ ഓർക്കാതെ പോവുകയാണ്. ആയതിനാലാണ് ശവസംസ്ക്കാരത്തിന് ശേഷം ആവശ്യമായ സുഗന്ധദ്രവ്യങ്ങളുമായി അവർ പോകുന്നത്. അതിനപ്പുറമുള്ള പ്രതീക്ഷകൾ ഒന്നും തന്നെ ഈ ഘട്ടത്തിൽ അവരിൽ കാണുക പ്രയാസമാണ്. ഉയിർപ്പിനെക്കുറിച്ച് ചിന്തകളിൽ പോലും ഇല്ലാത്തവരിൽ എന്ത് പ്രതീക്ഷയാണ് നാം



ആഗ്രഹിക്കേണ്ടത്? സുഗന്ധദ്രവ്യങ്ങൾ അർപ്പിക്കുക മടങ്ങിപോവുക എന്നതിലപ്പുറമായ പ്രതീക്ഷയുടെ ഭാവങ്ങൾ ഒന്നും തന്നെ അവരിൽ ദർശിക്കുവാൻ കഴിയുന്നില്ല. യഹൂദന്മാരുടെ ഇടയിൽ ഈ ആവശ്യത്തിലേക്ക് കല്ലറയുടെ വാതിൽ ആരെങ്കിലും ഉരുട്ടി മാറ്റുക പതിവായിരുന്നു. ഇത്തരമൊരു പ്രതീക്ഷ മാത്രമെ ഈ സ്ത്രീകളിൽ നമുക്ക് കാണുവാൻ കഴിയുകയുള്ളു. അവർ എത്തുമ്പോൾ തുറക്കപ്പെട്ട കല്ലറയാണ് കണ്ടത്. വാതിൽ തുറന്നതിനെ തങ്ങളുടെ ഈ ശുശ്രുഷയ്ക്കായി കണ്ടപ്പോൾ ലോകത്തിന്റെ പ്രതീക്ഷയുടെ പൂർണ്ണതയിലേക്കുള്ള വാതിലാണ് ഇവിടെ തുറന്നിരിക്കുന്നത് എന്ന് തുടർന്നുള്ള വേദഭാഗം ഓർമ്മിപ്പിക്കുന്നു.

**ഉയിർപ്പ് ഉയിരേകുന്ന അനുഭവത്തിന്റെ പൂർണ്ണത**

മുൻപ് സൂചിപ്പിച്ചതുപോലെ ഇവിടെ സ്ത്രീകൾ എത്തിച്ചേരുന്നത് അവരുടെ ആചാരപ്രകാരമുള്ള ശുശ്രൂഷകളുടെ പൂർത്തികരണത്തിനാണ്. 1 മുതൽ 5 വരെയുള്ള വാക്യങ്ങൾ ശ്രദ്ധിക്കുമ്പോൾ അവരുടെ അനുഭവങ്ങൾ മാറി മറിയുന്നു എന്ന് കാണുവാൻ സാധിക്കും. പ്രതീക്ഷിച്ച ചില കാര്യങ്ങൾ കണ്ടു എന്നും ചിലത് കണ്ടില്ല എന്നും പറഞ്ഞിരിക്കുന്നു. തങ്ങളുടെ ശുശ്രൂഷയുടെ പൂർത്തികരണ ത്തിനായി കല്ലുരുട്ടിയിരിക്കുന്നതായി അവർ കണ്ടപ്പോൾ അവരിൽ സന്തോഷം ഉളവായി കാണാം എന്നതിൽ സംശയമില്ല. തങ്ങളുടെ ശുശ്രുഷയിൽ ആരെങ്കിലും തങ്ങളെ സഹായിക്കാനുണ്ട് എന്ന് പറഞ്ഞാൽ ആരാണ് സന്തോഷിക്കാത്തത്? എന്നാൽ അവരുടെ പ്രതീക്ഷപോലെ ആയിരുന്നില്ല അടുത്ത കാഴ്ച്ച (വാക്യം 3). കല്ല് നീക്കി കിട്ടിയതിന്റെ സന്തോഷത്തോടെ അകത്തേക്ക് പ്രവേശിക്കുമ്പോൾ പ്രതീക്ഷിച്ചത് ക്രിസ്തുവിന്റെ ശരീരം അവിടെ ഉണ്ടാകും എന്നായിരുന്നു. പ്രതീക്ഷിച്ചത് കാണാതെ ഇരിക്കുമ്പോൾ ഏത് മനുഷ്യരിലാണ് ദുഃഖമുണ്ടാകാതിരിക്കുന്നത് ? ഇത് അവരുടെ മനസ്സിനെ അസ്വസ്ഥമാക്കും. പ്രതീക്ഷ നഷ്ടപ്പെടുമ്പോൾ മനസ്സ് ചിലപ്പോൾ ചാഞ്ചല്യപ്പെട്ടു പോകാൻ സാധ്യതയുണ്ട്. പെട്ടെന്ന് മിന്നുന്ന വസ്ത്രം ധരിച്ച രണ്ട് പേര് അവർ കാണുന്നു (വാക്യം 4). അവർ പ്രതീക്ഷിച്ച കാഴ്ച്ച അല്ല അത്. ആയതിനാൽ അവരിൽ ഭയം ഉളവാക്കുന്നുണ്ട്. പ്രതീക്ഷിച്ചത് കണ്ടതുമില്ല. പ്രതീക്ഷിയ്ക്കാത്തത് കാണുകയുമാണ്. ഇത്തരം അവസ്ഥയിൽ ഏത് മനുഷ്യനിലാണ് ഭയത്തിന്റെ കണിക പൊട്ടിമുളയ്ക്കാതെ ഇരിക്കുന്നത് ?. ഈ ഭയത്തിന്റെ നടുവിലാണ് ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിലേക്ക് വിരൽ ചൂണ്ടുന്ന വാക്കുകളിലൂടെ അവർ സ്ത്രീകളെ ബലപ്പെടുത്തുന്നത്. ചഞ്ചലമുണ്ടാക്കുന്ന അനുഭവങ്ങളിലൂടെ മുൻപോട്ട് പോയവരെ ബലപ്പെടുത്തുവാൻ ഇടയാകുന്നു. ക്രിസ്തുവിന്റെ ഉയിർപ്പ് അനുഭവിച്ച് അറിയുന്നതിലൂടെ അവർ ബലപ്പെടുകയും, ശക്തിപെടുകയും ചെയ്യുന്നു.

**ഉയിർപ്പ് ഉയിരേകിയ ഓർമ്മയുടെ പൂർണ്ണത**

കർത്താവായ ക്രിസ്തുവിന്റെ വാക്കുകളെക്കുറിച്ചുള്ള ഓർമ്മ നഷ്ടപ്പെട്ടുപോയതാണ് അവരിൽ വന്ന കുറവ് എന്ന് ഈ വേദഭാഗം ചൂണ്ടിക്കാണിക്കുന്നു. കർത്താവിന്റെ പരസ്യ ശുശ്രൂഷയുടെ സമയത്ത് തന്റെ പീഢാസഹനങ്ങളെക്കുറിച്ച് ക്രിസ്തു പറഞ്ഞിരുന്നതാണ്. അത് അവർ മറന്നുപോയി (വാക്യം 7). ഉയിർപ്പ് നമ്മുടെ ജീവിതത്തിൽ ഓർമ്മപ്പെടുത്തൽ ആകുന്നതിവിടെയാണ്. നമുക്ക് വേണ്ടി ലോകത്തിലേക്ക് വന്നു മരിച്ച് ഉയിർത്തേഴുന്നേറ്റ ക്രിസ്തുവിനെക്കുറിച്ചുള്ള ഓർമ്മ നമ്മിൽ എപ്പോഴും ഉണ്ടാകണം. അങ്ങനെയെങ്കിൽ ഉയിർപ്പ് ഓർമ്മകളെ പുതുക്കുന്ന അനുഭവം ആകണം. ക്രിസ്തുവിന്റെ വാക്കുകളെ മറന്നപ്പോൾ ക്രിസ്തു ഈ ലോകത്തിന് നല്കിയ സ്നേഹത്തെ തന്നെയാണ് അവർ മറന്നത് എന്ന് വ്യാഖ്യാനിക്കാം. ഓർമ്മപ്പെടുത്തൽ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ആഴത്തിലേക്ക് അവരെ കൂട്ടികൊണ്ടുപോകുന്നു. ക്രിസ്തുവിന്റെ ഉയിർപ്പിനേക്കുറിച്ച് ഉണ്ടാകുന്ന ഓർമ്മ നമ്മെയും ഈ സ്നേഹത്തിന്റെ ആഴത്തിലേക്ക് കൊണ്ടുപോകണം. 5-ാം വാക്യം ശ്രദ്ധിക്കുമ്പോൾ ദൂതൻ അവരോട് ചോദിക്കുന്നു നിങ്ങൾ ജീവനുള്ളവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്തിന്? ഓർമ്മ നഷ്ടപ്പെട്ടാൽ അന്വേഷണം തെറ്റായ ദിശയിലേക്ക് പോകും എന്നതിൽ സംശയമില്ല. എന്നാൽ ഓർമ്മപ്പെടുത്തൽ അവരെ ജീവനിലധിഷ്ഠിതമായ ഉത്തരം കണ്ടെത്തുവാൻ സഹായിക്കുന്നു. അതാകട്ടെ ലോകത്തിന്റെ പ്രതീക്ഷയയെ ബലപ്പെടുത്തുവാനുള്ളതായിരുന്നു.

**ഉയിർപ്പ് ഉയിരേകിയ സാക്ഷീകരണത്തിന്റെ പൂർണ്ണത**

കർത്താവിന്റെ ഉയിർത്തെഴുന്നേല്പിനെക്കുറിച്ച് സാക്ഷീകരിക്കുവാനുള്ള നിയോഗമാണ് തുടർന്ന് അവർ ഏറ്റെടുക്കുന്നത്. അവന്റെ വാക്ക് ഓർത്തപ്പോൾ അവർ മടങ്ങിപ്പോയി (വാക്യം 8). സുഗന്ധദ്രവങ്ങൾ അർപ്പിച്ച് മടങ്ങിപോകുവാൻ ആഗ്രഹിച്ചവർ തിരികെപോകുന്നതാകട്ടെ പുതിയ ദൗത്യവുമായി. കർത്താവിന്റെ അരുളപ്പാടുകളുടെ ഓർമ്മ അവരെ പുതിയ നിയോഗത്തിനായി ബലപ്പെടുത്തി എന്ന് പറയുന്നതാവും ശരി. ക്രിസ്തുവിന്റെ മരണം ഉളവാക്കിയ ശൂന്യതയുടെ

*(ശേഷം പേജ് 10)*

**ഉത്ഥിതന്റെ സാന്നിദ്ധ്യം പരാജയത്തിന്റെ തിബര്യാസിനെ പുനരർപ്പണത്തിന്റെ ഇടമാക്കുന്നു**



റവ. ജോൺ മാത്യു

ദൈവത്തോടൊപ്പമുള്ള ഒരു ജനതയുടെ യാത്രയുടെ അടയാളപ്പെടുത്തലാണ് വേദപുസ്തകം. സുവിശേഷങ്ങളുടെ ഒടുക്കം ആരംഭിക്കുന്ന ഉത്ഥിതനോടൊപ്പമുള്ള സഞ്ചാരം, പുതിയനിയമ എഴുത്തുകളിലും സഭാചരിത്രരേഖകളിലും ഇടം പിടിക്കുകയും ഇന്നും വിശ്വാസസമൂഹത്തിലൂടെ തുടരുകയും ചെയ്യുന്നു. ക്രൈസ്തവസഭയുടെ ചരിത്രനിർമ്മിതിയിൽ ഉത്ഥിതനോടൊപ്പമുള്ള സഞ്ചാരവഴികളിലെ അനുഭവങ്ങൾക്കുള്ള സ്ഥാനം വലിയതാണ്. ഉയിർത്തെഴുന്നേറ്റ കർത്താവിനെ ദർശിക്കുന്ന രണ്ട് ഇടങ്ങളെക്കുറിച്ചുള്ള വിശകലനങ്ങൾക്കാണ് ഈ പഠനത്തിൽ ഇടം

**ഗലീല – അവിടെ അവർ എന്നെ കാണും**
**(മത്തായി 27:62 – 28:15)**

വിശുദ്ധ മത്തായിശ്ലീഹായുടെ ഉത്ഥാനവിവരണത്തിൽ കല്ലറക്കൽ പ്രത്യക്ഷപ്പെടുന്ന ദൂതൻമാരും ഉയിർത്തെഴുന്നേറ്റ കർത്താവും ഒരുപോലെ ആവശ്യപ്പെടുന്ന ഒന്നാണ് "നിങ്ങൾ ഗലീലയ്ക്ക് പോകുവിൻ, അവിടെ നിങ്ങൾ അവനെ/എന്നെ കാണും" എന്നുള്ളത്. മത്തായി സുവിശേഷകൻ ഉയിർത്തെഴുന്നേൽപിന്റെ വസ്തുതകളെ നിരത്തിവയ്ക്കുമ്പോൾ ക്രൂശിതനായ ക്രിസ്തുവിന്റെ സംസ്കാരാനന്തരം സംഭവങ്ങളുടെ എപ്പിസോഡുകൂടി ചേർത്തുവെച്ചിട്ടുണ്ട് (മത്തായി 27:62–66). പൈശാചികശക്തികളിന്മേലുള്ള ദൈവത്തിന്റെ വിജയത്തേയും ഉയിർപ്പിന്റെ ശക്തികളേയും ഇത്രമേൽ വിവരിക്കുന്ന മറ്റ് സുവിശേഷങ്ങളില്ല. എല്ലാ അധികാരവും മഹത്വവും എന്റെ കയ്യിൽ ഭരമേൽപ്പിച്ചിരിക്കുന്നു എന്ന സാത്താന്റെ അവകാശവാദങ്ങളെല്ലാം ക്രിസ്തുവിന്റെ ഉയിർപ്പിലൂടെ തകർന്നടിയുകാണ്.



ക്രിസ്തു ഉയിർക്കും എന്ന വസ്തുത ശിഷ്യന്മാർ മറന്നപ്പോഴും അത് വ്യക്തമായി ഓർത്തിരുന്ന പരീശന്മാരും പുരോഹിതവർഗ്ഗവും ഉയിർപ്പിനെതിരെ പ്രതിരോധം തീർക്കുവാൻ ആവുന്നത്ര ശ്രമിക്കുന്നു. കല്ലറയുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടി ശാബത്ത് നിയമങ്ങളെല്ലാം ലംഘിക്കുന്നു. സ്വസ്ഥനാളായ ശബത്തിൽ ഒരു യഹൂദന് പരമാവധി നടക്കാവുന്ന 3000 അടി പരിധി ലംഘിച്ചുകൊണ്ട് കല്ലറ മുദ്രവയ്ക്കുവാനായി യാത്രചെയ്യുന്ന പരീശ-പുരോഹിതവർഗ്ഗം. നിങ്ങളാൽ ആവോളം ഉറപ്പ് വരുത്തുവിൻ എന്ന് ആജ്ഞാപിച്ച് കാവൽക്കൂട്ടത്തെ നിയോഗിക്കുന്ന പിലാത്തോസ്. റോമൻ പടയാളികൾ ഒരു യഹൂദന്റെ കല്ലറയ്ക്ക് കാവൽനിൽക്കുന്ന വിരോധാഭാസം. എന്നാൽ ഈ പ്രതിരോധങ്ങൾക്കൊന്നും തന്നെ ഉയിർത്തെഴുന്നേൽപ്പിനെ തടഞ്ഞുനിർത്തുവാൻ സാധിക്കുന്നില്ല.

ഉയിർത്തെഴുന്നേൽപ്പിന്റെ വാർത്തയറിഞ്ഞ മഹാപുരോഹിതന്മാരും മൂപ്പന്മാരും ഒത്തുകൂടി നുണക്കഥകൾ മെനയുകയും അവ പ്രചരിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുന്നു. പടയാളികൾക്ക് വേണ്ടുവോളം പണം. സത്യത്തെ മറവുചെയ്യുവാൻ പണത്തിന്റെ സ്വാധീനവലയം സൃഷ്ടിക്കുന്നു. “ഞങ്ങൾ ഉറങ്ങുമ്പോൾ അവന്റെ ശിഷ്യന്മാർ അവനെ കട്ടുകൊണ്ടുപോയി.” ഏറ്റവും ശക്തരെന്നഭിമാനിക്കുന്ന റോമൻ കാവൽക്കൂട്ടം ഉറങ്ങുക, ഉറങ്ങുന്ന പടയാളി മോഷ്ടിക്കാൻ വന്നവനെ കാണുക. രണ്ടും അസാധ്യങ്ങളായ പ്രസ്താവനകൾ. തന്നെയുമല്ല ഉറങ്ങിയ പടയാളികളെ ശിക്ഷയിൽനിന്ന് ഒഴിപ്പിക്കുവാൻ നാടുവാഴിയെ സ്വാധീനിക്കുക. Power, Money and influence-അധികാരം, ധനം, സ്വാധീനം ഇവയെല്ലാം സത്യത്തെ പ്രതിരോധിക്കുവാനുള്ള ഉപാധികളാക്കിമാറ്റുന്ന കാഴ്ച. എന്നാൽ ഇവയ്ക്കൊന്നും തന്നെ ഉയിർത്തെഴുന്നേൽപ്പിന്റെ യാഥാർത്ഥ്യത്തെ തടയുവാനോ മൂടിവയ്ക്കുവാനോ സാധിക്കുന്നില്ല.

Power of Resurrection in above all evil forces. ശക്തിയും അധികാരവും ധനവും ഉയർത്തുന്ന സ്വാധീനവലയത്തിൽ അകപ്പെട്ട യെരുശലേമിന്റെ സാമൂഹിക പരിസരത്തിന്റെ പശ്ചാത്തലത്തിൽ വേണം ഗലീലയിലേക്കുള്ള ഉത്ഥിതന്റെ യാത്രയെ വിശകലനം ചെയ്യേണ്ടത്.

എന്തുകൊണ്ട് ഗലീല (Why Galilee?) എന്ന ചോദ്യം ഏറെ പ്രസക്തമാണ്. യെശയ്യാ പ്രവാചകൻ ജാതികളുടെ മണ്ഡലം (Galilee of Nationas) എന്നാണ് ഗലീലയ്ക്ക് നൽകിയിരിക്കുന്ന പേര് (യെശയ്യാ 9:1). ഫൊയ്നീഷ്യ, സിറിയ, ആശബ്, ഗ്രീക്ക്, റോമാ വംശജർ പാർത്തിരുന്ന ഗലീലാപ്രദേശം മത-സംസ്കാര വംശീയ ബഹുലതകൾ ഉൾക്കൊള്ളുന്ന ഇടമായിരുന്നു. (Multi religious, multi cultural and multi ratial). പല വിപ്ലവ പ്രസ്ഥാനങ്ങളുടെയും ഉറവിടവും കേന്ദ്രസ്ഥാനവുമായിരുന്നു ഗലീല. എരിവുപ്രസ്ഥാനത്തിന്റെ അമരക്കാരനായിരുന്ന ‘യൂദാസ്’ ഗലീലക്കാരനായിരുന്നു. ‘നസറായനായ യേശു യഹൂദന്മാരുടെ രാജാവ്’ എന്ന മേലെഴുത്തിലൂടെ മറ്റ് വിപ്ലവപ്രസ്ഥാനത്തിന്റെ നേതാക്കന്മാരുടെ കൂട്ടത്തിൽ ഒരുവനായി യേശുവിനെ ചിത്രീകരിക്കുന്നതായും വായിച്ചെടുക്കാം.

അകലങ്ങളിലെ ഗലീലയിലേക്കാണ് ഉത്ഥിതന്റെ യാത്ര. മതത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും പാഠശാലയായ യരുശലേമിൽനിന്നും അകലെ, നിയമത്തിന്റെയും ഭരണത്തിന്റെയും കേന്ദ്രമായ റോമിൽനിന്നും അകലെ, കലയുടെയും സംസ്കാരത്തിന്റെയും ഉറവിടമെന്ന് കരുതുന്ന ഏദൻസിൽനിന്നും അകലെ. ഗലീലക്കാരന് സമൂഹത്തിന്റെ മേലേത്തട്ടിൽ ഇടമില്ല. സ്വർഗ്ഗത്തിലും ഗലീലക്കാരന് യാതൊരു ഇടവുമില്ല (no heavenly inheritance) എന്നാണ് കരുതിയിരുന്നത്. Galilee was a land of rejected, despised, outcast and foreigners. സാധാരണക്കാരന്റെ ഇടം (the common people-peasants). അവരുടെ ഉച്ചാരണം പോലും പ്രത്യേകത നിറഞ്ഞത് (Galilean accent). അവഗണിക്കപ്പെട്ട ഗലീലയിലേക്കാണ് ഉത്ഥിതന്റെ യാത്ര. എന്നാൽ ജഡാവതാരം ചെയ്ത യേശുവിന്റെ മഹത്വം ആദ്യം ദർശിച്ചത് ഗലീലക്കാരാണ്. സാധാരണക്കാരായ മനുഷ്യർ തങ്ങളുടെ വേദനകളും സങ്കടങ്ങളും യേശുവുമായി പങ്കിട്ട ഇടമാണ് ഗലീല. യേശുവിന്റെ ശാരീരിക സാന്നിദ്ധ്യത്തിന്റെ സജീവ ഓർമ്മകൾ നിൽക്കുന്ന ഇടം. ഇന്നലെകളിൽ ക്രിസ്തുവിനെ കണ്ടെത്തിയ അതേ ഇടത്തുതന്നെ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ടെത്താനുള്ള ക്ഷണമാണ് കർത്താവ് നൽകുന്നത്. ഉത്ഥാനം പുതിയ ഇടങ്ങളെ രൂപപ്പെടുത്തുകയല്ല, നിലവിലിരിക്കുന്ന ഇടങ്ങളെ സജീവമാക്കുകയാണ് ചെയ്യുന്നത്. ഗലീലയിലേക്ക് പോവുക അവിടെ നിങ്ങൾ അവനെ കാണും എന്ന് പറയുമ്പോൾ അവനുവേണ്ടി സഞ്ചരിക്കുന്ന ഇടങ്ങളിൽ അവരോടുകൂടെ സഞ്ചരിക്കുന്ന ഉത്ഥിതനെയാണ് പരിചയപ്പെടുത്തുന്നത്. ഒറ്റപ്പെട്ട ഗലീലകളിലേക്കുള്ള ഓരോ യാത്രയിലും ഉയിർത്തെഴുന്നേറ്റ കർത്താവ് സഹസഞ്ചാരിയായി ഒപ്പമുണ്ടാവും.

**തിബര്യാസ് - ‘വന്ന് പ്രാതൽ കഴിച്ചുകൊൾവിൻ’ (യോഹ. 21:1-14)**

ഉയിർത്തെഴുന്നേറ്റ കർത്താവിനോടുകൂടെ ശിഷ്യന്മാർ ഏറെനേരം ചെലവഴിച്ച ഇടമാണ് തിബര്യാസ്. ശിഷ്യനും ഗുരുവിനും ഇടയിലുള്ള ദൂരം ഇപ്പോൾ ഏകദേശം 200 മുഴമാണ്. ക്രിസ്തു

വിന്റെ സ്നേഹത്തിൽനിന്ന് അത്രയും ദൂരം അകന്നുപോയി. അകലം അവരുടെ പരാജയത്തിന്റെ ആഴം വ്യക്തമാക്കുന്നു. പരാജിതരെത്തേടിയെത്തിയ ഉത്ഥിതൻ ശിഷ്യർക്ക് അപരിചിതനായി (Stranger) കരയിൽ കാത്തുനിൽക്കുന്നു. ആരും കാത്തുനിൽക്കുവാൻ ഇഷ്ടപ്പെടാത്ത തീരങ്ങളിൽ കാത്തുനിൽക്കുന്നവനാണ് ക്രിസ്തു. കരയിൽ നിൽക്കുന്ന അപരിചിതനും കടലിലുള്ള പരിചയസമ്പന്നരായ മുക്കുവരും. അപരിചിതൻ കടലിലെ മത്സ്യസാധ്യതകളെക്കുറിച്ചുള്ള അറിവ് പങ്കുവയ്ക്കുമ്പോൾ പരിചയസമ്പന്നർക്ക് അത് പുത്തൻ അറിവായി മാറുന്നു. ഇനി മീൻ പിടിക്കുന്നത് ഒരു മിച്ചാണ്. അപരിചിതന്റെ അറിവും പരിചിതരുടെ അദ്ധ്വാനവും ഒന്നുചേർന്നുള്ള സഹയാത്രയാണ് ഇവിടെ തുടങ്ങുന്നത്. (Sojourners). Stranger became sojourner. സഭ ഒരു സഹയാത്രിക സമൂഹമാണ്. Church is a movement of Sojourners. ആരുടെ സഹയാത്രികനാകണമെന്നതാണ് പ്രധാനം. അപരിചിതൻ തീരത്തുനിൽക്കുന്നു എന്നത് അറിവാണ്. എന്നാൽ അത് കർത്താവാണ് എന്നതാണ് തിരിച്ചറിവ്. ആ തിരിച്ചറിവാണ് അവനോടുകൂടെ സഹസഞ്ചാരിയാകാനുള്ള ഉൾക്കാഴ്ചയിലേക്ക് നയിക്കുന്നത്. ഉത്ഥിതന്റെ യാത്രകളെല്ലാം ഒറ്റപ്പെട്ടവരോടും തനിയെയായിപ്പോയവരോടും പരാജിതരോടുമൊപ്പമായിരുന്നു.

കരയിൽ പ്രഭാതഭക്ഷണവുമായി കാത്തുനിൽക്കുന്ന കർത്താവിനെ നാം കാണുന്നു. തീക്കൂനയുടെ പുതിയ സാധ്യതകളിലേക്ക് വെളിച്ചം വീശുകയാണ്. തീകായലും തള്ളിപ്പറയലുമല്ല, പങ്കിടീലും സമർപ്പണവുമാണ് ഈ തീക്കൂനയുടെ പ്രത്യേകത. ഇപ്പോൾ പിടിച്ചതിനും അവിടെ ഇടം നൽകുന്നു. Do you have something fresh. പുതിയ സ്നേഹാനുഭവം - പുതിയ പ്രഭാതഭക്ഷണവുമായി കാത്തുനിൽക്കുന്ന കർത്താവ് മേശമേലുള്ള കൂട്ടായ്മക്കായി അവരെ ക്ഷണിക്കുന്നു. ക്രിസ്തു ദേവാലയത്തിലേക്ക് പോയി എന്നതിനേക്കാൾ ക്രിസ്തു പോയ ഇടങ്ങളെല്ലാം ദേവാലയങ്ങളായി മാറി എന്നതാണ് സത്യം. തിബര്യാസിന്റെ തീരത്ത് അൾത്താര ഒരുക്കി അപ്പം നുറുക്കലിനായി കാത്തുനിൽക്കുന്ന ഉത്ഥിതൻ. Stranger - sojourner - partaker in table followship. മുഖം താഴ്ത്തി നനഞ്ഞൊലിഞ്ഞ് ആത്മനിന്ദയോടെ നിൽക്കുന്നവരെ പരിഹസിക്കാത്ത കർത്താവ്. ഇനിയുമാരും കുനിഞ്ഞ ശിരസ്സുമായി അവന്റെ മുമ്പിൽ വന്നുകൂടാ. അവർ തീരത്തെത്തും മുമ്പേ അവൻ തീരത്തെത്തിയിട്ടുണ്ടാകും. പരാജിതരോട് പരിഭവമില്ലാത്ത അവർക്ക് ആഥിത്യമരുളുന്നു. Not Hostility but Hospitality. ഉത്ഥിതന്റെ സാന്നിദ്ധ്യം പരാജയത്തിന്റെ തിബര്യാസിനെ പുനരർപ്പണത്തിന്റെ ഇടമാക്കുന്നു. അന്നോളം ദൈവം മനുഷ്യന് വെളിപ്പെടുത്തിയ സകല ദൈവീകഭാവങ്ങളേയും ചേർത്തു നിർത്തുന്ന ഇടമാണ് തിബര്യാസ്.

പരാജിതരേയും വീണുപോയവരെയും അകലങ്ങളിലേക്ക് മാറ്റപ്പെട്ടവരേയും അന്വേഷിച്ചിറങ്ങുന്ന ഉത്ഥിതൻ. "Church is not a club for saints but a clinic for sinenrs" എന്ന് വായിച്ചിട്ടുണ്ട്. തള്ളപ്പെട്ട ഗലീലകളും പരാജയമണഞ്ഞ തിബര്യാസും ദൂരങ്ങളിലല്ല. നമ്മുടെ ജീവിതപരിസരങ്ങളിൽ തന്നെ ഗലീലയും തിബര്യാസും യാഥാർത്ഥ്യങ്ങളാണ്. അവിടേക്കുള്ള ഓരോ യാത്രയും ഉത്ഥിതനോടൊപ്പമുള്ള സഞ്ചാരമമാണ്. ഉത്ഥിതന്റെ പേരിലുള്ള പല യാത്രകളും ഉത്ഥിതനോടൊപ്പമുള്ള യാത്രകളായിത്തീരുന്നില്ല എന്ന സത്യം നാം തിരിച്ചറിയണം. സഞ്ചാരവഴികളിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സഹസഞ്ചാരികളായിത്തീരാൻ നമുക്കിടയാവട്ടെ. ❑

---

*ഉയിർപ്പ് ഉയിരേകിയ..... പേജ് 7 തുടർച്ച...*

മനസ്സുമായി കല്ലറയിലേക്ക് വന്നവർ തിരികെ പോകുമ്പോൾ അവരിൽ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ സന്തോഷവും അതിൽ അധിഷ്ഠിതമായ പ്രതീക്ഷയുമാണ് നിറഞ്ഞ് നിന്നത്. അവർ മടങ്ങിപ്പോയി ഇത് സാക്ഷീകരിക്കുകയാണ് (വാക്യം 9). ഉയിർപ്പിനെക്കുറിച്ച് പറയുവാനായി അവസരം ലഭിച്ച അവർ സന്തോഷത്തോടെ മറ്റുള്ളവരെ അറിയിക്കുകയാണ്. ഉയിർപ്പിന്റെ ആഴമറിഞ്ഞവർക്ക് അത് പറയാതെ ഇരിക്കുവാൻ സാധ്യമല്ലല്ലോ. അപ്പൊസ്തോലൻമാരെ ഈ വാർത്ത അറിയിക്കുക എന്നത് ദൈവം അവരെ ഏൽപ്പിച്ച നിയോഗമായി അവർ ഏറ്റെടുത്തു. സുഗന്ധവർഗ്ഗത്തിന്റെ അർപ്പണവുമായി വന്നവർ സുവിശേഷത്തിന്റെ നിയോഗവുമായി മടങ്ങി പോകുന്നു കേട്ട ചിലർ വിശ്വസിക്കുന്നില്ല കാരണം അവർക്ക് ഇത് കെട്ടുകഥയായി തോന്നി. എന്നാൽ സ്ത്രീകൾക്ക് ഇത് കഥ അല്ല മറിച്ച് ജീവിതത്തിന്റെ പുത്തൻ അനുഭവവും അനുഗ്രഹവുമായിരുന്നു.

ഉയിർപ്പ് എന്ന യഥാർത്ഥ്യം ഉയിരേകുന്നതും ഉണർവേകുന്നതുമാണ്. അതോടൊപ്പം തന്നെ ഉണ്മയിൽ നിലനിർത്തുന്നതുമാണ്. വേദനിക്കപ്പെട്ടിരിക്കുന്നവർക്കും, നിരാശയിലായിരിക്കുന്നവർക്കും പ്രതീക്ഷയുടെ പുത്തൻ അടയാളമാണ് ഉയിർപ്പ്. അങ്ങനെ എങ്കിൽ ഉയിർപ്പ് ഉയിരേകുന്നത് പൂർണ്ണതയുടെ അടയാളപ്പെടുത്തലുകളെയാണ്. ❑

# ഉയിർപ്പനുഭവം

## ഇന്നിന്റെ നിയോഗങ്ങളുടെ നേർക്കാഴ്ചകൾ



**ആർജ്ജിക്കലിനെക്കാൾ വർജ്ജനമാണ് ക്രിസ്ത്വാനുഭവമെന്നത്. നോമ്പിൽ മാത്രമല്ല മുഴുജീവിതത്തിന്റെയും പ്രമാണമാവണം**



റവ. പി.ജെ. വർഗ്ഗീസ്

ഉപവാസത്തിലൂടെയും ആത്മതനപത്തിലൂടെയും വിശ്വാസസമൂഹം വലിയനോമ്പ് നോറ്റ് ഉയിർപ്പിന്റെ നാളുകളിലേക്ക് പ്രവേശിക്കുകയാണ്. ഇന്നത്തെ ഉയിർപ്പ് ആദ്യ ഉയർപ്പിന്റെ അർത്ഥപൂർണ്ണമായ ആഘോഷമാകണമെങ്കിൽ കാണാതിരിക്കാൻ പറ്റാത്ത ചില നേർക്കാഴ്ചകൾ നമുക്ക് അത് കാട്ടിത്തരുന്നു എന്ന് തിരിച്ചറിയണം.

**ഉരുട്ടിമാറ്റപ്പെട്ട കല്ല്**

മഗ്ദലമറിയം നേതൃത്വം നൽകുന്ന തൈലം പൂശൽ സംഘത്തിന്റെ മുൻപിലെ വലിയ പ്രശ്നമായിരുന്നു കല്ലറവാതിൽക്കൽനിന്നും കല്ല് ആര് ഉരുട്ടിമാറ്റും എന്നത്. വി. മർക്കോസ് ആ ആശങ്ക സ്പഷ്ടമായി വിവരിക്കുന്നുണ്ട് -മർക്കോസ് 16:3. അവരുടെ ആകുലതയ്ക്ക് അറുതിയായി കല്ലറക്കലെത്തുമ്പോൾ കല്ല് ഉരുട്ടി മാറ്റപ്പെട്ടിരിക്കുന്നതായാണ് കാണുന്നത്. ഭൂകമ്പത്തിനുശേഷം ഉരുട്ടിമാറ്റിയ കല്ലിന്മേൽ ദൂതൻ ഇരിക്കുന്നതായും വി. മത്തായി രേഖപ്പെടുത്തുന്നു. (28:2) വി. ലൂക്കോസാവട്ടെ എങ്ങനെ എന്ന വിശദാംശം നൽകാതെ കല്ല് ഉരുട്ടിമാറ്റപ്പെട്ടതായി മാത്രം സൂചിപ്പിക്കുന്നു. (24:2)

ഉരുട്ടിമാറ്റപ്പെട്ട കല്ലിന്റെ അനുഭവത്തിലൂടെ ശിഷ്യരെ ഒട്ടേറെ നിയോഗസംബന്ധിയായ നിർബന്ധങ്ങൾ ഉയിർപ്പിന്റെ കർത്താവ് ഭരമേൽപ്പിക്കുന്നു. അത് നമുക്കുള്ള ഉയിർപ്പിന്റെ സന്ദേശം തന്നെയാണ്.

**1) തിരുവെഴുത്തുകളുടെ ഓർമ്മപ്പെടുത്തൽ**

തിരുവെഴുത്തിന്റെ അർത്ഥം ഗ്രഹിക്കാനുള്ള നിയോഗം വി. ലൂക്കോസ് തന്റെ ഉയിർപ്പ് വിവരണത്തിൽ ശക്തീകരിച്ചു പറയുന്ന ആശയമാണ്. “മുമ്പെ ഗലീലയിൽ ഇരിക്കുമ്പോൾത്തന്നെ അവൻ നിങ്ങളോട് മനുഷ്യപുത്രനെ പാപികളുടെ കൈയ്യിൽ ഏൽപ്പിച്ച് ക്രൂശിക്കയും അവൻ മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കയും വേണം” എന്നുപറഞ്ഞത് ഓർത്തുകൊൾവീൻ എന്നാണ് വി. ലൂക്കോസ് 24:7ൽ വായിക്കുന്നത്. സമവീക്ഷണ സുവിശേഷകാരന്മാർ; (മത്തായി, മർക്കോസ്, ലൂക്കോസ്) യേശു തന്റെ ക്രൂശുമരണത്തിന് മുന്നോടിയായി ഭവിക്കുന്ന പരീശന്മാരുടെ കൈയ്യേറ്റവും പീഡാനുഭവവും അനിവാര്യമായി സംഭവിക്കുന്ന തുടർശുശ്രൂഷാ പൂർത്തീകരണമായി പഠിപ്പിക്കുന്നതായിട്ടാണ് രേഖപ്പെടുത്തുന്നത്. വി. മത്തായി 16:21, വി. മർക്കോസ് 8:31, 10:33, വി. ലൂക്കോസ് 18:31. എന്തുകൊണ്ട് ഈ ആശയങ്ങൾ ശിഷ്യരെ പരമാവധി ബോധ്യപ്പെടുത്താൻ യേശു ശ്രദ്ധിക്കുന്നു? മാത്രവുമല്ല തന്റെ ശുശ്രൂഷയുടെ പീഡാ

നുഭവ അംശത്തെ ഉൾക്കൊള്ളാതെ അത് ഒഴിവാക്കപ്പെടേണ്ടതാണ് എന്ന പത്രോസിന്റെ സമീപനത്തെ, സാത്താനേ എന്നെ വിട്ടുപോ; നീ ദൈവത്തിന്റേതല്ല സാത്താന്റേതത്രേ കരുതുന്നത് എന്നാണ് (വി. മത്തായി 16:31, വി. മർക്കോസ് 8:32). ക്രിസ്തുശരീരമാകുന്ന സഭയുടെ എല്ലാ നിയോഗങ്ങളുടെയും മാനദണ്ഡവും മാതൃകയും (yard-stick and model) ക്രിസ്തുവാണ്. ക്രിസ്ത്വാനുഭവത്തിന്റെ അന്തസത്തയിൽ അഭേദ്യമായതാണ് പീഡാനുഭവവും ക്രൂശീകരണവും. അതൊഴിവാക്കിയുള്ള വേദവാഖ്യാനങ്ങളും സുവിശേഷസത്യങ്ങളുടെ പൊരുൾ തിരിക്കല്ലും വേദവിപരീതമാണ്. പീഡാനുഭവത്തിന്റെയും ക്രൂശുമരണത്തിന്റെയും നാൾവഴിയിലൂടെയുള്ള ഓരോ ഉയിർപ്പും തിരുവചനത്തിന്റെ ക്രിസ്തുകേന്ദ്രീകൃതമായ പൊരുൾതേടലാണ് നമ്മിൽനിന്നും ആവശ്യപ്പെടുന്നത്. ആർജ്ജിക്കലിനെക്കാൾ വർജ്ജനമാണ് ക്രിസ്ത്വാനുഭവമെന്നത്. നോമ്പിൽ മാത്രമല്ല മുഴുജീവിതത്തിന്റെയും പ്രമാണമാവണം. സ്വയത്യാഗത്തിലൂടെയുള്ള ക്രൂശാനുഭവമാണ് ക്രിസ്തീയത എന്നത് ആത്മബന്ധിയാവണം, നോമ്പുകാല ചിന്ത മാത്രമാവരുത്.

വെള്ളനിലയങ്കി ധരിച്ച ബാല്യക്കാരൻ. വി. മർക്കോസ് 16:7/ ദൂതൻ വി. മത്തായി 28:7– ശിഷ്യരോട് പറയുന്നത് അവൻ നിങ്ങൾക്കുമുമ്പ് ഗലീലയ്ക്ക് പോകുന്നു എന്നും അവിടെ അവൻ നിങ്ങളെ കാണും എന്നതാണ്. യഹൂദമതത്തിന്റെയും അധികാരത്തിന്റെയും കേന്ദ്രമായ യരുശലേമിലേക്ക് പീഡാനുഭവത്തിനും കുരിശേൽക്കാനുമായി നടന്നടുക്കുന്ന യേശു ഉത്ഥിതനായശേഷം മറ്റൊന്നും ചെയ്യാതെ ഗലീലയിലേക്ക് ബദ്ധപ്പെട്ടു പോകുന്നത് എന്താണ് സൂചിപ്പിക്കുന്നത്? യാദൃശ്ചികമായി സംഭവിച്ചതാണോ? ഒട്ടുമല്ല. ക്രൂശുമരണത്തിലൂടെ പൂർത്തീകരിക്കപ്പെട്ട ശുശ്രൂഷയുടെ പിന്തുടർച്ച ഗലീലയിൽനിന്നാവണം എന്ന യേശുവിന്റെ തെരഞ്ഞെടുപ്പ് പ്രത്യേക ശ്രദ്ധയാകർഷിക്കുന്ന വിഷയമാണ്. യേശുവിന്റെ ശുശ്രൂഷയെ ഗലീലയിലെ ശുശ്രൂഷ (Galeelian Ministry എന്ന് വേദപണ്ഡിതന്മാർ വിശേഷിപ്പിച്ചിട്ടുമുണ്ട്.) ഗലീല എന്താണ്? അഹോവൃത്തിക്കായി എല്ലുമുറിയെ പണിയെടുക്കുന്നവരുടെയും മുക്കുവരുടെയും ജനപഥം. ചുങ്കംപിരിവ് നടുവൊടിച്ച പാവങ്ങളുടെ നാട്. ദേവാലയ സമർപ്പണത്തിനുള്ളതെല്ലാം ചൂഷണോപാധികളാക്കിയതിന്റെ ഭാരം പേറുന്നവരുടെ സാധാരണ യഹൂദരുടെ കടലോരഗ്രാമം. ലോകത്തിന്റെ ശുശ്രൂഷയ്ക്ക് ലോകത്തിലായിരിക്കുന്ന സഭയ്ക്ക് ഇന്ന് എന്താണ് ഗലീല അനുഭവങ്ങൾ? ഇന്ന് ഏറ്റെടുക്കുന്ന നിയോഗം എപ്രകാരം? നമ്മുടെ നിർമ്മാണമേഖലയിലും കാർഷിക മേഖലയിലും സ്വന്തം ഭാഷയിലും ജീവിതരീതികളുമില്ലാതെ വിയർപ്പൊഴുക്കുന്ന സഹോദരങ്ങൾ ബീഹാറിലും ബംഗാളിലും മാത്രമായിപ്പോകുന്ന അവസ്ഥ. സുരക്ഷയുടെയും പാരമ്പര്യങ്ങളുടെയും പേരിൽ അടിമകളാക്കപ്പെടുന്ന സ്ത്രീകൾ. കുടിവെള്ളവും പ്രകൃതിവിഭവങ്ങളും നിഷേധിക്കപ്പെടുന്ന തദ്ദേശീയ ജനങ്ങൾ. വൃദ്ധമന്ദിരങ്ങൾ മാത്രം തുണയാവുന്ന മാതാപിതാക്കൾ. തങ്ങളുടേതല്ലാത്ത കുറ്റംകൊണ്ട് അവഗണിക്കപ്പെടുക മാത്രമല്ല അവമതിക്കപ്പെടുന്ന ലൈംഗീക ന്യൂനപക്ഷങ്ങൾ. തനികളുടെ നാടായ മലയാളക്കരയിൽ വറ്റിവരളുന്ന പുഴകളും കുളങ്ങളും മത്രമല്ല കിണറുകൾ വരെ ഭൗമ അന്തർഭാഗങ്ങളിലേക്ക് വരെ കുടിവെള്ളത്തിന് കുത്തിത്താഴ്ത്തുന്ന പ്രവണത വർദ്ധിച്ചുവരുമ്പോഴും തൊഴിപ്പുറത്തു മാത്രമമാകുന്ന, പ്രസിദ്ധിക്കു മാത്രമാകുന്ന, പ്രകൃതിസ്നേഹവും വിഭവ വിനിയോഗവും. അങ്ങനെ തിരിച്ചറിയേണ്ട എത്രയെത്ര ഗലീല നിയോഗങ്ങൾ?

**മറിയയെപ്പോലെ അവൻ ഉയിർത്തു എന്ന സത്യത്തിന്റെ സാക്ഷികളാകാനുള്ള നിയോഗം**

വി. മർക്കോസിന്റെ വിവരണമനുസരിച്ച് മഗ്ദലന മറിയത്തിനും (16:9) വി. മത്തായിയുടെ വിവരണമനുസരിച്ച് മഗ്ദലന മറിയക്കും മറ്റെ മറിയക്കും (28:1) വി. ലൂക്കോസിന്റെ വിവരണമനുസരിച്ച് മഗ്ദലന നേതൃത്വം നൽകിയ സഹോദരിമാരുടെ സംഘത്തിനും (24:10) ആണ് ഉയിർപ്പിന്റെ സാക്ഷികളാകാനും അത് ലോകത്തോട് അറിയിക്കാനും നിയോഗം ലഭിക്കുന്നത്. അത് എന്തുകൊണ്ട് എന്ന ചോദ്യം പ്രസക്തമാണ്. ലളിതമായിപ്പറഞ്ഞാൽ അവർ ക്രൂശീകരണ യാത്രയെ അനുഗമിച്ചതും അതിരാവിലെ കല്ലറക്കൽ എത്തിയതും മാത്രമാണ് എടുത്തുപറയുന്നത്. ക്രൂശാനുഭവവും സമർപ്പണവും മാത്രമാണ് ഉയിർപ്പാനുഭവത്തിന് നിദാനമെന്നതിന്റെ സ്പഷ്ടത്തെളിവാണ് സ്ത്രീകൾക്കുമാത്രമായി ലഭിക്കുന്ന ഈ നിയോഗം. പേടിച്ചരണ്ട ശിഷ്യർക്കു നേതാവില്ലാത്ത, ചിതറിയ വിളിക്കപ്പെട്ടവർക്ക് ധൈര്യം പകരുന്ന സ്ത്രീസംഘം. ലിംഗ മേൽക്കോയ്മയല്ല നിയോഗത്തിന്നടിസ്ഥാനം എന്നത് തിരിച്ചറിയണം. മരണത്തേയും പാതാളത്തേയും മതനേതൃത്വത്തെയും അധികാരകേന്ദ്രത്തെയും ഒക്കെയാണ് ഉയിർപ്പാനുഭവം തകർത്തത്. സുവിശേഷങ്ങൾ ചൂണ്ടിക്കാട്ടുന്നതുപോലെ ഉയിർപ്പാനുഭവം യഥാസ്ഥാനപ്പെടുത്തലിന്റെ ഒരുകൂട്ടം സംഭവപരമ്പരകൾക്കാണ് തുടക്കമാവുന്നത്. മാളികമുറിയിൽ – യോഹ. 20:19;26, എമ്മുവോസ് യാത്രയിൽ ലൂക്കോസ് 24:13, കടൽക്കരയിൽ–യോഹന്നാൻ 21:1 എന്നിവിടങ്ങളിലെല്ലാം ഉയിർപ്പാനുഭവം യഥാസ്ഥാനപ്പെടുത്തലായി (re-instal) ഉയിർപ്പിന്റെ നാഥൻ മാറുകയാണ്. ക്രൂശാനുഭവ വചനവ്യാഖ്യാനത്തിലൂടെ ഇന്നിന്റെ നിയോഗങ്ങൾ ഏറ്റെടുത്ത് യഥാസ്ഥാനപ്പെടലിന്റെ യഥാർത്ഥ അനുഭവത്തിലൂടെ ഉയിർപ്പിന് സാക്ഷിയാകാൻ നമ്മുടെ ഉയിർപ്പാനുഭവം ഇടയാകട്ടെ. ❑





മാർ ക്രിസോസ്റ്റം ജയന്തിശതാബ്ദി ബ്ലോക്കിന്റെ ശില ആശീർവ്വദിക്കുന്നു





ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച പെയിൻ & പാലിയേറ്റീവ് കെയർ ട്രെയിനിംഗ് പ്രോഗ്രാം






ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച പെയിൻ & പാലിയേറ്റീവ് കെയർ ട്രെയിനിംഗ് പ്രോഗ്രാം



ഇടത്തറ കൺവൻഷൻ



കല്ലട കൺവൻഷൻ




2017 അടൂർ ഭദ്രാസന കൺവൻഷൻ അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു

ശതാബ്ദി ആഘോഷിക്കുന്ന മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായ്ക്ക്
അടൂർ ഭദ്രാസനത്തിന്റെ ആദരവുകൾ....
മത– രാഷ്ട്രീയ– കലാ– സാംസ്കാരിക പ്രമുഖർ പങ്കെടുത്ത പൊതുസമ്മേളനത്തിന്റെ വിവിധ ദൃശ്യങ്ങൾ















# ആദ്യകുർബ്ബാന



കൈപ്പട്ടൂർ സെന്റ് തോമസ് മാർത്തോമ്മാ ഇടവക



പറക്കോട് ഇമ്മാനുവേൽ മാർത്തോമ്മാ ഇടവക





ഭദ്രാസന സൺഡേസ്കൂൾ അധ്യാപക പരിശീലനം



തുരുത്തിക്കര ഇമ്മാനുവേൽ മാർത്തോമ്മാ ഇടവക
നവതി സമാപന സമ്മേളനം



രാജഗിരി മാർത്തോമ്മാ ഇടവക പ്ലാറ്റിനം ജൂബിലി സമ്മേളനം



അതിരുങ്കൽ ശാലേം മാർത്തോമ്മാ ഇടവക സപ്തതി പൊതുസമ്മേളനം



# അവധിക്കാലം ആഘോഷമാക്കാം

**ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ് കുടികൊള്ളുന്നു**



ടെന്നി ഏബ്രഹാം പിടവൂർ

ഏറെക്കുറെ കരുതലോടെ ശ്രദ്ധിച്ചാൽ മധ്യവേനൽ അവധിവേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ വിവിധ പ്രായക്കാരായ കുട്ടികൾക്കും യുവജനങ്ങൾക്കും സാധ്യമാകും. ഇന്ന് വിവിധ സ്ഥലങ്ങളിൽ വിവിധ വിഭാഗത്തിൽപ്പെട്ട പള്ളികളുമായി ബന്ധപ്പെട്ട് വെക്കേഷൻ ബൈബിൾ ക്ലാസ്സുകൾ നടത്താറുണ്ട്. ഇതിൽ വിവിധ പ്രായത്തിൽപ്പെട്ട കുട്ടികൾക്ക് ജാതിമതഭേദമെന്യേ പങ്കെടുക്കാനുള്ള അവസരമുണ്ട്. പല ദിവസങ്ങളിലായി നടത്തപ്പെടുന്ന വി.ബി.എസ്-ൽ ബൈബിൾ സംബന്ധമായ കഥകൾ, പാട്ടുകൾ, സ്കിറ്റുകൾ, മെസേജുകൾ എന്നിവ അവതരിപ്പിക്കുകയും അതിലൂടെ കുട്ടികളിൽ നന്മകൾ വളർത്താൻ അവസരം ഒരുക്കുകയും ചെയ്യുന്നു. കുട്ടികൾക്ക് നവോന്മേഷം പകരുന്ന ദിനങ്ങളാണ് വി.ബി.എസിൽ പങ്കെടുക്കുന്നതോടെ ലഭ്യമാകുന്നത്. കുട്ടികൾ ഭാവിയിൽ നല്ല ശീലമുള്ളവരായി നല്ല വ്യക്തിത്വത്തിന്റെ ഉടമകളായിത്തീരുന്നതിന് വി.ബി.എസ്. എന്നും ഒരു മാർഗ്ഗദർശിയാണ്.

സമപ്രായക്കാരായ കുട്ടികൾ ഒന്നിച്ചും കൂടുന്നതും വിവിധ ആശയങ്ങൾ കൈമാറുന്നതും, ഗ്രൂപ്പ് ചർച്ചകൾ, ക്വിസ് മത്സരം, സെമിനാർ എന്നിവയിൽ ഭാഗഭാക്കാവുകയും ചെയ്യുന്നത് ഏറെ അഭികാമ്യമാണ്. അദ്ധ്യാപകരുടേയോ സാമൂഹ്യപ്രവർത്തകരുടെയോ നേതൃത്വത്തിൽ ഇത്തരം ഒത്തുകൂടൽ വെക്കേഷൻ കാലയളവിനെ പ്രയോജനകരമാക്കിത്തീർക്കുമെന്നതിന് സംശയമില്ല. ഇത്തരം ഒത്തുകൂടലിന് പൊതുവായ ഒരു സ്ഥലവും സമയവും കണ്ടെത്താവുന്നതാണ്. പ്രദേശത്തെ സ്കൂളുകൾ, ലൈബ്രറികൾ എന്നിവ ഇത്തരം പ്രവർത്തനങ്ങൾക്ക് അവസരം ഒരുക്കിക്കൊടുക്കാറുണ്ട്. ഇന്ന് മിക്ക സ്ഥലങ്ങളിലും റസിഡന്റ് അസോസ്സിയേഷനുകൾ നിലവിലുണ്ട്. അവരെ സമീപിച്ചാലും മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും മേൽനോട്ടവും ലഭ്യമാകും.

വെക്കേഷൻ കാലയളവിൽ വായന ഒരു പ്രധാന ഹോബിയായി സ്വീകരിക്കാവുന്നതാണ്. പ്രദേശത്തെ ലൈബ്രറിയെ ഇതിനായി ആശ്രയിക്കാം.

കൂടാതെ പ്രാദേശികമായ ധാരാളം മാസികകൾ, പത്രങ്ങൾ, പൊതുവിജ്ഞാനം പകരുന്ന പുസ്തകങ്ങൾ, സിഡികൾ എന്നിവ ലഭ്യമാണ്. ഇത്തരം പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിലൂടെ വിവിധ കാര്യങ്ങളെക്കുറിച്ച് പൊതുവായ ധാരണ ലഭ്യമാവുകയും വിവിധ മേഖലകളിൽ വിജ്ഞാനവ്യാപനം നടക്കുകയും ചെയ്യും. പൊതുവായ ഒരു വായനശീലം ഈ കാലയളവിൽ നേടിയെടുക്കുക എന്നത് ജീവിതത്തിലെ ഏറ്റവും വലിയ നേട്ടമായിരിക്കും.

ചില പ്രത്യേക മേഖലയിൽ താല്പര്യമുള്ള കുട്ടികൾക്കും മുതിർന്നവർക്കും ഒന്നിച്ച് പങ്കെടുക്കാവുന്ന അവസരങ്ങളും അവധിക്കാലത്ത് പ്രയോജനപ്പെടുത്താം. പെയിന്റിംഗ്, ഡ്രോയിംഗ്, ക്ലേ മോഡലിംഗ്, കഥ-കവിതാ രചന, പ്രാദേശിക ചരിത്രരചന, ഷോർട്ട് ഫിലിം നിർമ്മാണം എന്നിവയെല്ലാം മുതിർന്നവരുടെയും ഈ മേഖലകളിൽ പ്രാവീണ്യമുള്ളവരുടെയും സഹായത്തോടെ നടത്താവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതോടെ പുതിയ ആശയങ്ങളും ആവിഷ്കാരങ്ങളും ഉടലെടുക്കും എന്നതിന് സംശയമില്ല. ഇത്തരത്തിലുള്ള സംസർഗ്ഗത്തിന്റെ ഫലമായിട്ടാണ് പല വ്യക്തികളും ലോകം അറിയപ്പെടുന്ന കലാകാരന്മാരും സാഹിത്യകാരന്മാരും ആയിത്തീർന്നിട്ടുള്ളത്. അവസരങ്ങളെ യഥാസമയം പ്രയോജനപ്പെടുത്തുക എന്നത് ഒരു പ്രധാന സംഗതിയാണ്.

ഇംഗ്ലീഷിനോട് ആഭിമുഖ്യമുള്ള അദ്ധ്യാപകരും വിദ്യാർത്ഥികളും ഒന്നിച്ചുകൂടിയാൽ വെക്കേഷൻ കാലയളവ് ഏറെ പ്രയോജനകരമാക്കാം. ഇന്നത്തെ യുഗത്തിൽ നമ്മുടെ പ്രാദേശിക ഭാഷ കൊണ്ടു മാത്രം ജീവിതം മുന്നോട്ടു കൊണ്ടുപോവുക ദുഷ്കരമാണ്. ഇത്തരം സന്ദർഭങ്ങളിൽ ഇംഗ്ലീഷ് അദ്ധ്യാപകരുടെ സഹായത്തോടെ സ്പോക്കൺ ഇംഗ്ലീഷിനുവേണ്ടി ദിവസവും അല്പ സമയം ചിലവിട്ടാൽ ഏറെ നന്ന്. ആശയങ്ങൾ വളരെ ലഘുവായി ഇംഗ്ലീഷിൽ കൈകാര്യം ചെയ്യാൻ ചില അദ്ധ്യാപകർ കുട്ടികളെ പ്രാപ്തരാക്കും. ഇംഗ്ലീഷിൽ ആശയവിനിമയം നടത്തണമെന്ന് ആഗ്രഹിക്കുന്ന കുട്ടികൾ ഒന്നിക്കുകയും സമീപപ്രദേശത്തുള്ള അദ്ധ്യാപകനെ സമീപിക്കുകയും ചെയ്യുമ്പോൾ നിങ്ങളുടെ ആഗ്രഹം സഫലമാകും. ഇംഗ്ലീഷിൽ വളരെ ലഘുവായി സംസാരിച്ചുതുടങ്ങുമ്പോൾ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിക്കും.

അവധിക്കാലത്ത് കുട്ടികൾ വായനയിലും പഠനത്തിലും മാത്രമല്ല വ്യാപരിക്കേണ്ടത്. അവരുടെ ആരോഗ്യപരമായ കാര്യങ്ങളിലും പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു. ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ് കുടികൊള്ളുന്നു എന്ന ഇറ്റാലിയൻ പഴമൊഴി ഏറെ പ്രസക്തമാണ്. (A sound mind exists in a sound body). നമ്മുടെ ശരീരം എപ്പോഴും വൃത്തിയും വെടിപ്പുമുള്ളതായി സൂക്ഷിക്കേണ്ടത് ഓരോ വ്യക്തിയുടെയും കർത്തവ്യമാണ്. വ്യായാമം ചെയ്യുന്നതിലൂടെയും ചെറിയ ജോലികളിൽ ഏർപ്പെടുന്നതുകൊണ്ടും നമ്മുടെ ആരോഗ്യം കാത്തുസൂക്ഷിക്കാം. വെക്കേഷൻ കാലയളവിൽ കുട്ടികൾക്ക് ധാരാളം സമയം ലഭ്യമായതിനാൽ രാവിലെയും വൈകുന്നേരവും അല്പ സമയം കളികളിൽ ഏർപ്പെടാം. വ്യായാമം നമുക്ക് ഉന്മേഷം നൽകുകയും ശാരീരിക ആരോഗ്യം നിലനിർത്തുകയും ചെയ്യുന്നു. നമ്മുടെ ശാരീരിക ആരോഗ്യം മെച്ചപ്പെട്ടതാണെങ്കിൽ മാത്രമേ നല്ലൊരു മനസ്സ് നമ്മളിൽ സംജാതമാവുകയുള്ളൂ. അതുപോലെ വീടും പരിസരവും വൃത്തിയും വെടിപ്പോടെയും സൂക്ഷിക്കുന്ന കാര്യത്തിലും ശ്രദ്ധവേണം. വീട്ടിലുള്ള ഷെൽഫുകളും അലമാരകളും അടുക്കും ചിട്ടയോടുംകൂടി ക്രമീകരിക്കണം. പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ എന്നിവ തരംതിരിച്ച് അടുക്കിവെയ്ക്കാൻ പഠിക്കണം.

ഇന്ന് ആധുനിക സജ്ജീകരണങ്ങളായ കംപ്യൂട്ടർ, ലാപ്ടോപ്പ്, ഇന്റർനെറ്റ് എന്നിവ കൈകാര്യം ചെയ്യാൻ കുട്ടികൾ അറിഞ്ഞിരിക്കേണ്ടതാണ്. അവരുടെ സ്കൂൾ പാഠ്യപദ്ധതിയിലും ഇതെല്ലാം അവർ കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. ആയതിനാൽ ഇത്തരം കാര്യങ്ങളെക്കുറിച്ച് ധാരണ ഇല്ലാത്തവർ അവധിക്കാലം ഇതിനായി പ്രയോജനപ്പെടുത്താം. കംപ്യൂട്ടർ സെന്ററുകളിൽ നിന്നോ, പരിചയമുള്ള സുഹൃത്തുക്കളിൽനിന്നോ ഇത്തരം അറിവുകൾ നേടിയെടുക്കാവുന്നതാണ്. അത്യാവശ്യകാര്യങ്ങൾക്ക് ഒരു ഇ-മെയിൽ അയയ്ക്കുന്നതിനോ ഡേറ്റാസ് സേവ് ചെയ്യുന്നതിനോ ഇത് ഉപകരിക്കും. ഇന്റർനെറ്റിൽനിന്ന് കുട്ടികൾക്ക് സംശയനിവാരണം നടത്തുന്നതിനും കംപ്യൂട്ടർ പഠനം സഹായകരമാണ്.

ഈ അവധിക്കാലത്ത് ചെയ്യാവുന്ന ഒരു പ്രധാന കാര്യമാണ് മൊബൈൽ ലൈബ്രറിയുടെ രൂപീകരണം. വളരെ അനായാസം ചെയ്യാവുന്ന സംഗതിയാണിത്.

"യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭം" എന്നാണല്ലോ ബൈബിൾ വാക്യം. വിജ്ഞാനത്തിന് മാത്രമല്ല ഏതൊരു പ്രവർത്തനത്തിന്റെയും തുടക്കത്തിന് ദൈവഭക്തി അനുപേക്ഷണീയമാണ്. നമ്മൾ ഏതൊരു കാര്യത്തിന് തുടക്കംകുറിക്കുമ്പോഴും പ്രാർത്ഥിച്ചുകൊണ്ടു തുടങ്ങിയാൽ അത് മനസ്സിന് ആത്മധൈര്യം ലഭിക്കുകയും അതിലൂടെ വിജയം സുനിശ്ചിതമാവുകയും ചെയ്യും. അതുകൊണ്ടുതന്നെയാണ് ആത്മീയഗുരുക്കന്മാർ പറയുന്നത് – "Prayer is Power" എന്ന്. എല്ലാ കുടുംബങ്ങളിലും ഇതൊരു മാതൃകയാക്കേണ്ടിയിരിക്കുന്നു. വെക്കേഷൻ കാലയളവുകൾ സന്തോഷവും സമാധാനവുമുള്ളതായിത്തീരാൻ ഏവർക്കും ഒത്തൊരുമയോടെ പ്രയത്നിക്കാം. ❑

**ദൈവം നിങ്ങളെ ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്തം നിങ്ങൾ നിർവ്വഹിക്കാതെ ഉദാസീനരായാൽ ദൈവം സ്വപ്നം കണ്ട ഒരു ഭൂമിയായിരിക്കില്ല നമ്മുടേത്.**

സോന സൂസൻ ബാബു
മാർത്തോമ്മാ ചർച്ച്, മുട്ടം



# മാതൃകയാകേണ്ടുന്ന മാതാപിതാക്കൾ

നല്ല മാതൃകകൾ നഷ്ടമായിക്കൊണ്ടിരിക്കുന്ന ഒരു തലമുറയുടെ നടുവിലാണ് നാം ജീവിക്കുന്നത്. ലോകസുഖങ്ങൾക്കായി പരക്കം പായുന്ന ഇന്നത്തെ മാതാപിതാക്കൾക്ക് സമാധാനമില്ലാത്ത ഒരു തലമുറയെ സമ്മാനിക്കുവാൻ മാത്രമേ സാധിക്കുന്നുള്ളൂ. മക്കളുടെ ആത്മീകനിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിൽ മാതാപിതാക്കൾക്കുള്ള പങ്ക് വളരെ വലുതാണ്. തലമുറകൾക്ക് നല്ല മാതൃകകൾ കാണിച്ചുകൊടുത്ത ഏതാനും മാതാപിതാക്കളെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

**അബ്രഹാം - സാറാ**

ദൈവത്തോട് അനുസരണമുള്ള ഒരു വ്യക്തിയായിരുന്നു അബ്രഹാം. പ്രാർത്ഥനാ മനുഷ്യനായിരുന്നു. ദൈവിക വിശ്വാസത്തിൽ അടിയുറച്ചു ജീവിച്ച വ്യക്തിയായിരുന്നു. ദാനശീലനായിരുന്നു. സാഹോദര്യസ്നേഹമുള്ള വ്യക്തിയായിരുന്നു. ധൈര്യശാലിയും നല്ല സൗഹൃദങ്ങൾ കാത്തുസൂക്ഷിച്ച പിതാവുമായിരുന്നു. ചോദ്യം ചെയ്യാതെ അബ്രഹാമിനെ അനുസരിച്ച സ്ത്രീയായിരുന്നു സാറാ. എല്ലാ സ്ഥാനങ്ങളിലും അബ്രഹാമിനു പിൻബലം നൽകിക്കൊണ്ട് സാറാ അദ്ദേഹത്തിന് ഒരു അനുഗ്രഹമായിരുന്നു. ദൈവത്തോട് വിശ്വസ്ത ആയിരുന്നു. സാറാ. പോയ ഇടങ്ങളിലെല്ലാം ദൈവത്തിന് യാഗപീഠം പണിത് അബ്രഹാമിനോടൊപ്പം സാറായും ദൈവത്തെ ആരാധിച്ചിരുന്നു. അതിഥിസൽക്കാരത്തിൽ മുന്നിട്ടുനിന്ന വ്യക്തിയായിരുന്നു സാറാ. സൗമ്യതയുള്ള മാതാവായിരുന്നു സാറാ. അതിനാൽ സമർപ്പണമുള്ള, ധ്യാനനിരതനായ, സമാധാനപ്രിയനായ, പ്രാർത്ഥനയും ദൈവവിശ്വാസവുമുള്ള വ്യക്തിയായി യിസ്ഹാക്കിനെ അവർക്കു ലഭിച്ചു.

**എല്ക്കാനാ - ഹന്നാ**

കുടുംബമായി ദൈവത്തെ ആരാധിക്കാൻ നേതൃത്വം കൊടുത്ത വ്യക്തിയായിരുന്നു എല്ക്കാനാ. ഭാര്യ

യായ ഹന്നായെ വളരെയധികം സ്നേഹിച്ചിരുന്നു അദ്ദേഹം. മകനായ ശമുവേലിനെ ദൈവത്തിനായി പ്രതിഷ്ഠിക്കുവാൻ ഹന്നാ തീരുമാനിച്ചതിനോട് പൂർണ്ണമായും യോജിച്ച വ്യക്തിയായിരുന്നു. ദൈവഹിതത്തിനായി സമ്പൂർണ്ണമായി സമർപ്പിച്ചുകൊടുത്ത പിതാവായിരുന്നു എല്ക്കാനാ. സഹിഷ്ണുതയോടെ ജീവിച്ച വ്യക്തിയായിരുന്നു ഹന്നാ. ഹൃദയം പകർന്ന് ദൈവത്തോട് സംസാരിക്കുന്ന വ്യക്തിയായിരുന്നു. പൈതലിനെ ദൈവത്തിനായി സമർപ്പിച്ച മാതാവായിരുന്നു. ആരാധനയുടെ അന്തരീക്ഷത്തിൽ മകനെ വളർത്തി. അതിനാൽ പ്രാർത്ഥനാജീവിതമുള്ള, പ്രവാചകനായ, നല്ല ആലോചനക്കാരനായ, യിസ്രായേലിന്റെ ന്യായപാലകനായ ശമുവേലിനെ അവർക്കു മകനായി ലഭിച്ചു.

**യോസേഫ് – മറിയ**

നീതിമാനായ വ്യക്തിയായിരുന്നു യോസേഫ്. മറ്റുള്ളവരെക്കുറിച്ച് കരുതലുള്ള വ്യക്തിയായിരുന്നു. ദൈവത്തോട് അനുസരണവും സ്വയനിയന്ത്രണവുമുള്ള വ്യക്തിയായിരുന്നു. കുടുംബത്തോടുള്ള ഉത്തരവാദിത്തം നിറപടിയായി നിർവ്വഹിച്ച പിതാവായിരുന്നു. യോസേഫ്. ത്യാഗപൂർണ്ണമായ ജീവിതം നയിച്ച വ്യക്തിയായിരുന്നു മറിയ. ദൈവയിഷ്ടം നിറവേറ്റുന്നതിന് പൂർണ്ണമായി കീഴ്പ്പെട്ട ജീവിതമായിരുന്നു. യാതൊരു പിറുപിറുപ്പും കൂടാതെ എല്ലാം സംതൃപ്തിയോടെ സ്വീകരിക്കുന്ന മനോഭാവമായിരുന്നു. ഉത്തമയായ ഭാര്യയും മാതാവുമായിരുന്നു മറിയ. അതിനാൽ സൽഗുണസമ്പൂർണ്ണനായ, ലോകരക്ഷകനായ യേശുവിന്റെ പിതാവും മാതാവുമാകാൻ അവർക്കു ഭാഗ്യം ലഭിച്ചു.

**സെഖര്യാവ് – എലിശബേത്ത്**

ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരും ആയിരുന്നു. പുരോഹിതനായിരുന്നു സെഖര്യാവ്. പതിവായി ദൈവത്തെ ആരാധിക്കുന്നവരായിരുന്നു. ദൈവദൂതന്റെ ദർശനം ലഭിച്ച വ്യക്തിയായിരുന്നു സെഖര്യാവ്. അസൂയ ഇല്ലാത്ത വ്യക്തിയായിരുന്നു എലിശബേത്ത്. അതിനാൽ ദൈവസന്നിധിയിൽ വലിയവനായ, യേശുവിനു മുന്നോടിയായ സ്നാപകയോഹന്നാനെ അവർക്കു മകനായി ലഭിച്ചു.

മാതാപിതാക്കളുടെ വിശ്വാസം തലമുറകളിലേക്കു കൈമാറപ്പെടുന്നു എന്നതിന് മാതൃകകളാണ് ഇവരൊക്കെ. മാതാപിതാക്കളെ, ദൈവം നിങ്ങളെ ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്തം നിങ്ങൾ നിർവ്വഹിക്കാതെ ഉദാസീനരായാൽ ദൈവം സ്വപ്നം കണ്ട ഒരു ഭൂമിയായിരിക്കില്ല നമ്മുടേത്. നാളേയ്ക്കുവേണ്ടി നല്ല തലമുറയെ വാർത്തെടുക്കുവാൻ നമുക്ക് കഴിയട്ടെ. തലമുറയുടെ മുമ്പിൽ മാതൃകയുള്ളവരായി നിലനിൽക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. മക്കളുടെ ആത്മീകവും ഭൗതീകവുമായ വളർച്ച കണ്ടു സന്തോഷിക്കുവാൻ ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കുമാറാകട്ടെ. ❑

## ഭദ്രാസനത്തിൽ അനുഗ്രഹീത സേവനം ചെയ്ത് യാത്രയാകുന്ന വൈദീകശ്രേഷ്ഠർക്ക്




**വെരി. റവ. സ്കറിയാ ഏബ്രഹാം**
**റവ. സണ്ണി തോമസ്**
**റവ. മാമ്മൻ ശാമുവേൽ**
**റവ. സണ്ണി മാത്യു**
**റവ. അനു ഉമ്മൻ**
**റവ. സിബു പള്ളിച്ചിറ**
**റവ. ജോർജ്ജ് മാത്യു**
**റവ. ശമുവേൽ കെ. മാത്യു**
**റവ. ജോർജ്ജ് ഏബ്രഹാം**
**റവ. ജീവൻ ജോൺ**
**റവ. മാത്യു സ്കറിയാ**
**റവ. ജോസഫ് ഉമ്മൻ**
**റവ. സുകു ഫിലിപ്പ് മാത്യു**
**റവ. പ്രജീഷ് പി. മാത്യു**



# വലിയ തിരുമേനി

കെ. കെ. സുധാമണി ടീച്ചർ
ആനന്ദപ്പള്ളി

നൂറിന്റെ നിറവിലൊരു വലിയ തിരുമേനി
ആ വലിയ തിരുമേനിയിൽ വലിയ തിരുമനസ്സ്
തിരുമനസ്സു നിറയെ മാനവസ്നേഹം
മതമത്സരാദികളില്ലാത്ത മനസ്സിന്റെ
മഹനീയരൂപമാം വലിയ തിരുമേനി

സന്താപമോടെ അണയുന്ന മർത്ത്യനു
നർമ്മസല്ലാപമേകുന്ന വലിയ തിരുമേനി
നീതിയും സ്നേഹവും സത്യവും മതമെന്നു
സന്ദേശമേകുന്ന വലിയ തിരുമേനി
സ്വർണ്ണനാവുള്ള വലിയ തിരുമേനി

തൊഴിലിൻ മഹത്വം കാട്ടിക്കൊടുക്കുവാൻ
ചുമടെടുത്തോരു വലിയ തിരുമേനി
തിരുമേനി തന്റെ വളർച്ചയ്ക്കു പിന്നിലും
തെങ്ങുകയറുന്ന ശങ്കുവാണെന്ന്
മടികൂടാതോതുന്ന വലിയ തിരുമേനി

എത്ര സൂര്യോദയം കണ്ടുതിരുമേനി
എത്ര ചന്ദ്രന്മാരെ കണ്ടു തിരുമേനി
എത്ര വേനൽക്കാലം പോയ്മറഞ്ഞു
എത്ര കാലവർഷം പെയ്തൊഴിഞ്ഞു
കേട്ടുപഠിക്കുവിൻ തിരുമേനി തൻവാക്കുകൾ
കണ്ടുപഠിക്കുവിൻ തിരുമേനി തൻ ജീവിതം

മലയാളനാടിനും മലയോരജില്ലയ്ക്കും
മാരാമൺ ദേശത്തിനും മണിദീപമാണു തിരുമേനി
ഈ നൂറ്റാണ്ടിൽ പുണ്യമീ വലിയതിരുമേനി
ആശംസകൾ നൂറുനൂറാശംസകൾ
ആ പുണ്യപാദയുത്വങ്ങളിൽ ശിരസ്സുനമിക്കുന്നു
പ്രണാമം..... പ്രണാമം... പ്രണാമം (2)



**ജീ**വന്റെ നിറവിലേക്ക് നയിക്കുന്ന ശുശ്രൂഷയാണ് സാന്ത്വന പരിചരണം. ബലഹീനരെ താങ്ങുവാൻ, അശരണരെ കരുതുവാൻ ആരുമില്ലാത്തവന് ഒരു സഹായമായിത്തീരുവാൻ ഉള്ള മനസ്സ് നമുക്കിന്നുണ്ടോ? രോഗിയായിരിക്കുമ്പോൾ നമ്മുടെ സന്ദർശനവും സാമീപ്യവും മെച്ചപ്പെട്ട ഒരു ജീവിതനിലവാരത്തിലേക്ക് നയിക്കുവാൻ പ്രേരകമായിത്തീരുമ്പോൾ ഈ ശുശ്രൂഷ ധന്യമായി. യേശു തന്റെ ജീവിതംകൊണ്ടും, പ്രവൃത്തി കൊണ്ടും ലോകത്തിന് നൽകിയ മഹത്തായ പാഠം ഇതുതന്നെയാണ്. ആത്മീയ സുകൃതങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് പങ്കുവയ്ക്കലാണ്. ആയതിനാൽ യേശു നമ്മെ പഠിപ്പിച്ചു സൗജന്യമായി നിങ്ങൾക്ക് ലഭിച്ചത് സൗജന്യമായി തന്നെ കൊടുക്കുക. സ്രഷ്ടാവിനോടുള്ള സജീവ ബന്ധം മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിനുള്ള ഉൾപ്രേരണയായി തീരുമ്പോൾ ദൈവസ്നേഹത്തിന്റെ നമ്മിലുള്ള സ്വാഭാവിക പ്രതികരണമായി അതിനെ മനസ്സിലാക്കാം.

**സാന്ത്വന പരിചരണം: ഇടവക കേന്ദ്രീകൃത മാതൃക**
**(Parish Model Palliative Care)**



റവ. വർഗ്ഗീസ് കെ. ഏബ്രഹാം

ഗ്രാമപഞ്ചായത്തുകളുടെയും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെയും (PHC) സഹകരണത്തോടെ രോഗികളുടെ പരിചരണത്തിൽ പൊതുജനങ്ങൾക്ക് കൂടുതൽ ബോധവൽക്കരണം നൽകി സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുവാൻ നമ്മൾ ശ്രദ്ധിക്കണം. സഭയായും, ഇടവകതലത്തിലും സാന്ത്വന പരിചരണ രംഗത്ത് ഒട്ടേറെ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുമെന്നുള്ളത് ഇതിനോടകം നാം തെളിയിച്ചിരിക്കുന്നു. ആയതിനാൽ Parish Model Palliative Care (PMPC) Unit കൾ തുടങ്ങി സമൂഹത്തിന്റെ വേദനകളെ തിരിച്ചറിഞ്ഞ് ദൈവരാജ്യത്തിന്റെ പൂർത്തീകരണത്തിനായി നമുക്കും കൈകോർക്കാം. ദീർഘകാലരോഗികളെ പരിചരിക്കുന്നതിന് നിങ്ങളുടെ പ്രദേശത്ത് എന്തൊക്കെ സംവിധാനങ്ങൾ ഉണ്ട്? എന്തെല്ലാം



തരത്തിലുള്ള ദീർഘകാലരോഗങ്ങൾ മൂലമാണ് ജനങ്ങൾ ദുരിതം അനുഭവിക്കുന്നത്? ഇത്തരം പ്രയാസങ്ങൾക്ക് നിങ്ങളുടെ പ്രദേശത്ത് എന്തൊക്കെ പരിചരണങ്ങളും സഹായങ്ങളും സംഘടിപ്പിക്കുവാൻ സാധിക്കും? ഗവണ്മെന്റ് മേഖലയിൽ, പഞ്ചായത്ത്-ജില്ലാതലത്തിൽ എന്തെല്ലാം സഹായങ്ങൾ രോഗിക്കും കുടുംബത്തിനും ലഭ്യമാകുന്നു? ഇങ്ങനെയുള്ള കാര്യങ്ങൾ സൂക്ഷ്മമായി വിലയിരുത്തിക്കൊണ്ട് ജനകീയ പങ്കാളിത്തത്തോടെ കരുതലിന്റെ കരങ്ങൾ നീട്ടിക്കൊടുക്കുവാൻ സാധിക്കണം.

ഇടവകതലത്തിലുള്ള സാന്ത്വന പരിചരണത്തിൽ ശ്രദ്ധിക്കേണ്ട ചില അടിസ്ഥാന പ്രമാണങ്ങളുണ്ട്. പരസ്പര സഹകരണത്തോടെ ജീവന്റെ ഗുണാത്മകതയും സുരക്ഷിതത്വവും ഉറപ്പുനൽകുന്ന പരിശ്രമങ്ങളാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. ഇതിനെ താഴെ പറയുന്ന പ്രകാരം വിശദമാക്കാം.

All Palliative Care units and its activities are conducted in a manner that

It is collaborative
helps to improve the quality of life.
ensures confidentiality and privacy
is without coercion, discrimination and harassment
ensures safety and security for all
aims to minimize unnecessary duplication
complies with the laws, regulations and policies in effect with the Jurisdiction and palliative care units.

സാന്ത്വപരിചരണത്തിൽ രോഗിയും രോഗിയുടെ കുടുംബവും അഭിമുഖീകരിക്കുന്ന ജീവിതാനുഭവങ്ങളെ താഴെവരുന്ന പ്രകാരം വിശദമാക്കാം.

**ശാരീരിക പ്രശ്നങ്ങൾ (Physical Factors)**

ദീർഘകാല രോഗികളിൽ കണ്ടുവരുന്ന പ്രധാന പ്രശ്നമാണ് വേദന. നിത്യജീവിതത്തിൽ നമുക്കെല്ലാം വേദന പരിചിതമാണ്, പക്ഷേ നീണ്ടുനിൽക്കുന്ന വേദന ഒരു വ്യക്തിയുടെ ജീവിതത്തെയും ജീവിതരീതികളെയും പെരുമാറ്റത്തെയും തന്നെ ബാധിക്കുന്ന ഒരു വലിയ പ്രശ്നമാണ്. ഒരാളുടെ വേദനയുടെ കാഠിന്യം നമുക്ക് അളക്കാൻ പ്രയാസമായതിനാൽ രോഗി പറയുന്നത് മനസ്സിലാക്കി ആവശ്യമായ മരുന്നുകൾ കൃത്യസമയത്ത് കൊടുക്കാവുന്നതാണ്. ഛർദ്ദി, മലബന്ധം, വയറിളക്കം, മൂത്രസംബന്ധമായ ബുദ്ധിമുട്ടുകൾ, ശ്വാസംമുട്ടൽ എന്നിവയും രോഗികളിൽ സാധാരണയായി കാണുന്ന ശാരീരിക ബുദ്ധിമുട്ടുകളാണ്. രോഗികളിൽ മിക്കവർക്കും മരുന്നുകളെക്കുറിച്ചുള്ള അറിവില്ലായ്മ, തെറ്റിദ്ധാരണ എന്നിവമൂലം ഫലപ്രദമായി ഉപയോഗിക്കാതിരിക്കുന്നത് സർവ്വസാധാരണയായി കണ്ടുവരുന്ന വസ്തുതയാണ്. ഡോക്ടർമാരുടെയോ, നേഴ്സുമാരുടെയോ സഹായത്തോടെ തെറ്റിദ്ധാരണകൾ തിരുത്തി കൃത്യമായി മരുന്നുകൾ ഉപയോഗിക്കുന്നതിലൂടെ വേദന മാറ്റിനിർത്തുവാൻ സാധിക്കും.

നല്ലതുപോലെ കാറ്റും വെളിച്ചവും കിട്ടുന്ന മുറിയിൽ രോഗികളെ പരിചരിക്കുന്നത് ഏറ്റവും നല്ലതാണ്. ഭക്ഷണം ഒരുമിച്ച് കൊടുക്കുന്നതിനെക്കാൾ ഇടയ്ക്കിടെ കഴിക്കാൻ കൊടുക്കുന്നത് ചില ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് സഹായകരമാകും. രോഗിയുടെ മുറിയിൽ കഴിവതും കൂട്ടംകൂടി നിൽക്കാതിരിക്കുന്നത് വളരെ നല്ലതാണ്.

**മാനസിക പ്രശ്നങ്ങൾ (Psychological Factors)**

ചികിത്സകൊണ്ട് ഭേദമാകുവാൻ സാധ്യതയില്ലാത്ത രോഗികളുടെ മനോബലം കുറഞ്ഞുവരുന്നത് സ്വാഭാവികമാണ്. മനോവിഷമം ഉണ്ടാക്കുന്ന വിഷയങ്ങളെ പലപ്പോഴും വേർതിരിച്ച് അപഗ്രഥിക്കുന്നത് പ്രയാസകരവുമാണ്. അസുഖവുമായി ബന്ധപ്പെട്ടതും, ഭാവിയെക്കുറിച്ചുള്ളതും, സാമ്പത്തികമായതുമായ സങ്കീർണ്ണമായ മാനസിക പ്രശ്നങ്ങളാണ് ഇത്തരം രോഗികളെ കീഴ്പ്പെടുത്തുന്നത്. ചികിത്സ ചെയ്യുന്നതുകൊണ്ട് പ്രയോജനമുണ്ടാകുമോ? മരണത്തിലേക്കാണോ ഈ രോഗം തന്നെ നയിക്കുന്നത്? മാറാത്ത രോഗത്തിന്റെ പിടിയിൽപ്പെട്ടിരിക്കുന്ന രോഗികളിൽ രോഗത്തെപ്പോലെ വലിയ ശക്തിയുള്ളതാണ് ഇങ്ങനെയുള്ള ചോദ്യങ്ങൾ. അസുഖവുമായി ബന്ധപ്പെട്ട് രോഗികൾക്കുള്ള സംശയങ്ങൾ മാറ്റിക്കൊടുക്കേണ്ടത് വളരെ അത്യാവശ്യമാണ്. മാനസികമായ പിരിമുറുക്കങ്ങളിലൂടെ ജീവിതത്തിന്റെ നിലവാരത്തിലും, ജീവിതശൈലിയിലും മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നതായി കാണാൻ സാധിക്കും.

**ആത്മീയപരമായ പ്രശ്നങ്ങൾ (Spiritual Factors)**

രോഗവുമായും മരണവുമായും ബന്ധപ്പെട്ട് ആത്മീയതലത്തിലുള്ള ഒട്ടേറെ പ്രശ്നങ്ങൾ ഉയർന്നുവരുമ്പോൾ വളരെ ഗൗരവമായി, അതിലുപരി വളരെ ശ്രദ്ധയോടെ വിശകലനം ചെയ്യേണ്ടവയാണ്. രോഗിയായി തീർന്നതിലേക്കുള്ള ചില കണ്ടെത്തലുകൾ, എല്ലാം നഷ്ടപ്പെട്ടുപോകുന്നതിനോടൊപ്പം തന്റെ ജീവിതത്തിലേക്ക് ഇരച്ചുകയറുന്ന കുറ്റബോധം - അതിലൂടെ ഉത്തരം ലഭിക്കാത്ത ചില ചോദ്യങ്ങളുടെ എത്തിനോട്ടം എന്നിവ പ്രധാനമാണ്.

നീതിരഹിതമായി തന്നെ മാത്രം ശിക്ഷിച്ച ദൈവത്തോടുള്ള അമർഷം, എന്തുകൊണ്ട് എനിക്ക് മാത്രം ഇങ്ങനെ സംഭവിച്ചു എന്ന ആവർത്തിച്ചുള്ള ചിന്ത, ദൈവത്തിൽനിന്ന് തന്നെ അകന്നുനിൽക്കുവാനുള്ള ഒരു പ്രവണത, മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള ഭീതിയും അതിന്റെ ആശയക്കുഴപ്പങ്ങളും, ചെയ്തുപോയ കുറ്റങ്ങൾ മാപ്പർഹിക്കുന്നതാണെങ്കിൽ ആത്മീയപരമായ ഒരു

ക്കങ്ങൾ നടത്തുവാൻ സാധിക്കുമോ എന്ന വേവലാതി, മറ്റുള്ളവരോട് പറയുവാൻ സാധിക്കാത്ത ഒരു മാനസികാവസ്ഥയിൽനിന്ന് ദൈവത്തോട് എല്ലാം തുറന്നുപറഞ്ഞ് അനുതപിക്കുവാൻ ഒരവസരം. ഈ ജീവിതത്തിന് എന്തെങ്കിലും അർത്ഥമുണ്ടോ? ഇത്തരത്തിലുള്ള പ്രശ്നങ്ങളുടെ മധ്യത്തിൽ രോഗിക്ക് സ്വയമായി ഉത്തരം കണ്ടെത്തുന്നതിലും, അതിലേക്ക് സഹായകരമായി കൂടെ നിൽക്കുവാനും നമുക്ക് സാധ്യമാകണം. സാമൂഹികവും മാനസികവുമായ ചുറ്റുപാടുകൾ ഓരോ രോഗിയിലും വ്യത്യസ്തത നിറഞ്ഞതാണ്. രോഗി ഉൾപ്പെട്ടിരിക്കുന്ന കുടുംബവും ഈ യാത്രയിൽ കൂടെ നിൽക്കുവാനും, ശുശ്രൂഷിക്കുന്നവരെ യാഥാർത്ഥ്യബോധത്തിലേക്ക് എത്തിക്കുവാനും ശ്രദ്ധിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ആയതിനാൽ ആത്മീയപരമായ വിഷയങ്ങളിൽ ഒരു കടന്നുകയറ്റമല്ല, പിന്നെയോ ശാന്തമായി അവരുടെ അസ്വസ്ഥതകളെ തിരിച്ചറിഞ്ഞ് തുടർന്ന് ജീവിക്കാനുള്ള അന്തരീക്ഷം ഉറപ്പാക്കുക എന്നതാണ് മുഖ്യമായും ചെയ്യേണ്ടത്. ഒന്നും അടിച്ചേൽപ്പിക്കാതിരിക്കുക എന്നത് എപ്പോഴും ഓർത്തിരിക്കുക.

**സാമൂഹിക പ്രശ്നങ്ങൾ (Social Factors)**

കുടുംബാംഗങ്ങളിൽനിന്നും ബന്ധുക്കളിൽനിന്നും കിട്ടുന്ന പിന്തുണ ശക്തമല്ലെങ്കിൽ രോഗി പെട്ടെന്ന് തളരുന്നതായി കാണാൻ സാധിക്കും. എല്ലാവരിലുംനിന്ന് ലഭിച്ചുകൊണ്ടിരുന്ന സ്നേഹത്തിനും, കരുതലിനും ഉണ്ടാകുന്ന കുറവ് പല സംശയങ്ങളിലേക്കും രോഗിയെ തള്ളിവിടുകയാണ്. രോഗത്തിന്റെ തുടക്കത്തിൽ ലഭിച്ച ശ്രദ്ധ, പരിഗണന, സന്ദർശനം എന്നിവ കുറഞ്ഞുവരുമ്പോൾ ഒറ്റപ്പെടുകയാണെന്ന ചിന്തയാൽ നിരാശയും ഏകാന്തതയും വർദ്ധിക്കുന്നു. അസുഖവും ചികിത്സവും കുടുംബത്തിനുണ്ടാക്കാവുന്ന സാമ്പത്തിക പ്രയാസങ്ങളെക്കുറിച്ച് രോഗി ബോധവാനാണ്. പ്രത്യേകിച്ചും നീണ്ടുനിൽക്കുന്ന ചികിത്സകൾ ആവശ്യമായി വരുമ്പോൾ കടബാധ്യതയിലേക്ക് വഴുതിവീഴുന്ന അവസ്ഥ രോഗിയിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കുന്നു. കുടുംബത്തിന്റെ ദൈനംദിന ചെലവുകളും, കുട്ടികളുടെ വിദ്യാഭ്യാസവും, വിവാഹവും ഒക്കെ മുടങ്ങുന്ന അവസ്ഥയ്ക്ക് കാരണക്കാരൻ താനാണല്ലോ എന്ന കുറ്റബോധം രോഗിക്ക് ഉണ്ടാവുന്നു. സമൂഹത്തിൽ തനിക്ക് ലഭിച്ചുകൊണ്ടിരുന്ന അംഗീകാരം, ഭവനത്തിന് അകത്തും പുറത്തും തന്റെ സാന്നിദ്ധ്യം ശ്രദ്ധിക്കപ്പെടാതെ പോകുമ്പോൾ – ആർക്കും വേണ്ടാത്ത ഒരു ജീവിതം എന്ന ഒരു തലക്കെട്ടുമായി രോഗത്തിനും ലോകത്തിനും മദ്ധ്യേയായി അലയുന്നു. കുടുംബത്തിന്റെ ബാദ്ധ്യതകൾ സാമൂഹികമായ ബന്ധങ്ങളിൽ വലിയ അകൽച്ചകൾ ഉണ്ടാക്കുന്നു. ഇതൊക്കെ രോഗത്തെക്കാൾ എത്രയോ പതിന്മടങ്ങ് വേദന രോഗിയിലും, കുടുംബാംഗങ്ങളിലും സൃഷ്ടിക്കുന്നു എന്ന് മറന്നുപോകരുത്.

ഫലപ്രദമായ ആശയവിനിമയം മരുന്നിനെക്കാൾ രോഗിക്ക് ആശ്വാസം പകരാറുണ്ട് എന്നത് ഒരു വസ്തുതയാണ്. ഏത് സാഹചര്യത്തിലും രോഗിയോടൊപ്പം കൂടെ നിൽക്കുവാൻ ഞങ്ങൾ ഉണ്ട് എന്ന ഉറപ്പ് വാഗ്ദാനം ചെയ്യുക എന്നത് ആശയവിനിയമയത്തിലൂടെ സാധ്യമാകണം. ഇത് വാക്കുകൾക്കൊണ്ട് മാത്രം കൈമാറാവുന്ന സന്ദേശമല്ല. നമ്മുടെ സാമീപ്യം, സ്പർശനം, ശരീരഭാഷ ഇവയെല്ലാം പ്രധാനമാണ്. ആശയവിനിമയത്തിൽ നാം ഏർപ്പെടുമ്പോൾ രോഗിക്കും കുടുംബത്തിനും തെറ്റിദ്ധാരണ ഉണ്ടാകാതെയിരിക്കാനും, നമ്മിലുള്ള വിശ്വാസം നഷ്ടപ്പെടാതിരിക്കാനും ശ്രദ്ധിക്കേണ്ടത് വളരെ പ്രധാനമാണ്. രോഗിക്ക് പറയാനുള്ളത് പൂർണ്ണമായും കേൾക്കാൻ നാം തയ്യാറാകണം.

മൂന്ന് പ്രധാന കാര്യങ്ങൾ ആശയവിനിയമത്തിലൂടെ സാധ്യമാക്കുവാൻ നാം ശ്രദ്ധിക്കണം – അനിശ്ചിതത്വങ്ങൾ ഒഴിവാക്കുക, ബന്ധങ്ങൾ സുദൃഢമാക്കുക, ശരിയായ ദിശയിലേക്ക് നയിക്കുക. വേണ്ട രീതിയിൽ ശ്രദ്ധിക്കുക എന്നത് ശ്രമകരമായ സംഗതിയാണ്. 'Active Listening doesn't come naturally. It is a skill to be learned and an art to be developed. ഒരു രോഗിയെയോ, കുടുംബാംഗങ്ങളെയോ മുൻകൂട്ടി സമാധിനിപ്പിക്കുവാൻ നമ്മൾ ശ്രമിക്കരുത്. ജീവിതത്തിൽ നേരിട്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ എന്തെന്ന് ശരിയാംവണ്ണം മനസ്സിലാക്കി അതിനോട് താദാത്മ്യം പ്രാപിക്കുവാൻ ഒരുക്കുന്ന ശുശ്രൂഷയായി ആശയവിനിമയത്തെ ഉപയോഗിക്കുവാൻ നമുക്ക് സാധിക്കണം. അനാവശ്യമായ താരതമ്യപ്പെടുത്തൽ ഒരു കാരണവശാലും ഉണ്ടാകാൻ പാടില്ല. പലപ്പോഴും നാം മനസ്സിലാക്കുന്നതിനേക്കാൾ രോഗത്തിന്റെ ബുദ്ധിമുട്ട് നന്നായി അനുഭവിച്ചറിയുന്ന വ്യക്തിയോട് നമ്മുടെ പരിമിതമായ അറിവന്റെ തലത്തിൽനിന്നുകൊണ്ടുള്ള താരതമ്യപഠനങ്ങൾ ഗുണകരമായി ഭവിക്കയില്ല എന്ന് നന്നായി മനസ്സിലാക്കണം. ഇവിടെ അനുവർത്തിക്കേണ്ട ചില അച്ചടക്കങ്ങളുണ്ട്. രോഗിയിൽ ശ്രദ്ധയൂന്നി തുറന്ന മനോഭാവത്തോടെ, ശാന്തമായി രോഗിയുമായി ഇടപെടണം.

**അവഗണനയുടെയും അതിവേദനയുടെയും അനുഭവങ്ങളിലായിരിക്കുന്നവർക്കു സാന്ത്വന സ്പർശമായിത്തീരുന്നതിലൂടെയാണ് ക്രിസ്തുസാന്നിദ്ധ്യമായി വിശ്വാസി മാറുന്നത്. ഈ നാളുകളിൽ ഭദ്രാസനമായി വളരെയധികം ശ്രദ്ധ ചെലുത്തുന്ന ഈ ശുശ്രൂഷയുടെ സാദ്ധ്യതകൾ കൂടുതൽ അറിയുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.** ❑

**Kids Corner**

# അത്ഭുത താരം വില്മ റുഡോൾഫ്

തളർന്നു കിടന്നപ്പോൾ കണ്ട സ്വപ്നത്തെ യാഥാർത്ഥ്യമാക്കിയ പെൺകുട്ടി. രോഗക്കിടക്കയിൽ നിന്നും ഉയിർത്തെഴുന്നേറ്റ അവൾ കായികതാരമായി. ഒടുവിൽ ഓളിംപിക്സിന്റെ അതിവേഗ ട്രാക്കിൽ മിന്നലായി പാഞ്ഞു മൂന്ന് സ്വർണ്ണ പതക്കങ്ങളും സ്വന്തമാക്കി. അവളെ വൈദ്യശാസ്ത്രവും ലോകവും അത്ഭുതത്തോടെ നോക്കിനിന്നു. വില്മ റുഡോള്ഫ് എന്ന അമേരിക്കകാരിയാണ് ലോകത്തെ അത്ഭുതപ്പെടുത്തിയ ആ കായികതാരം. കഠിനാധ്വാനവും നിശ്ചയദാർഢ്യവും ആത്മവിശ്വാസവും കൈമുതലാക്കി പോളിയോരോഗം ബാധിച്ച കാലുകളുമായി അവൾ ഓടിക്കയറിയത് കറുത്തർ കൈയടക്കിയ കായികലോകത്തിന്റെ നെറുകയിലേക്കായിരുന്നു. 1960-ലെ റോം ഒളിംപിക്സിലായിരുന്നു വില്മയുടെ അവിശ്വസനീയമായ കുതിപ്പ് ലോകം കണ്ടത്. 100, 200 മീറ്ററുകളിലും 4-100 റിലേയിലും സ്വർണ്ണം നേടിയായിരുന്നു വില്മ റൂഡോൾഫ് ലോകത്തെ ഞെട്ടിച്ചത്. ഒരു ഒളിംപിക്സിലെ അത്‌ലറ്റിക്സ് പോരാട്ടത്തിന് മൂന്ന് സ്വർണ്ണം നേടുന്ന ആദ്യവനിതയായി മാറാനും വില്മയ്ക്ക് സാധിച്ചു. 1940 ജൂൺ 23-ന് അമേരിക്കയിലെ ഗ്രാമപ്രദേശമായ ടെന്നസിയിൽ ആയിരുന്നു വില്മയുടെ ജനനം. റെയിൽവേ പോർട്ടറായിരുന്നു വില്മയുടെ പിതാവ് എഡിൻ. എഡിൻ-ബ്ലാങ്ക് ദമ്പതികൾക്ക് 22 മക്കളാണ് ജനിച്ചത്. ഇവരിൽ 20-ാമത്തെ കുട്ടിയായിരുന്നു വില്മ.

**അതിജീവനത്തിന്റെ നാളുകൾ**

വില്മയുടെ ജനനംതന്നെ പൂർണ്ണ വളർച്ചയില്ലാതെയായിരുന്നു. ജനനത്തിനുശേഷം ജീവിതത്തിൽ രോഗങ്ങളുടെ കന്നാക്രമണം. പോളിയോ, ന്യൂമോണിയ, സ്കാർലറ്റ് ഫീവർ ഒപ്പം ഇടതുകാലിന് സ്വാധീനക്കുറവും. അധികകാലം ആയുസ്സില്ലെന്ന് വൈദ്യശാസ്ത്രം വിധിയെഴുതി. അമ്മയായിരുന്നു വില്മയുടെ പ്രേരകശക്തി. രോഗക്കിടക്കയിൽ തളർന്നുകിടക്കുന്ന വില്മയിൽ അമ്മ കായികതാരമാവുക എന്ന ആഗ്രഹം വളർത്തിയെടുത്തു. ഒൻപതാം വയസ്സിൽ ഓർത്തോപീഡിക് ഷൂസ് ധരിച്ച് നടക്കാൻ പഠിച്ചു. പിന്നീട് ഓടാനുള്ള ശ്രമവും തുടങ്ങി. പതിയെ കളി



ക്കളത്തിലേക്ക് പിച്ചവെച്ചു. ബാസ്കറ്റ് ബോൾ കോർട്ടാണ് വിൽമയെ ആദ്യം ആകർഷിച്ചത്. അവിടെനിന്നും ഓട്ടത്തിന്റെ ട്രാക്കിലേക്ക്. പ്രായം 16-ന്റെ പടിവാതിൽ കടക്കുംമുൻപേ വിൽമ ഒരു അത്ഭുതമായി അമേരിക്കയുടെ ഒളിംപിക്സ് സംഘത്തിലും തന്റെ ഇടം ഉറപ്പിച്ചു.

**അമേരിക്കയുടെ സ്റ്റാർ റണ്ണർ**

അമേരിക്കയുടെ സ്റ്റാർ റണ്ണർ പദവി ഓടി പിടിച്ച വിൽമ റുഡോൾഫ് 1956-ലെ മെൽബൺ ഒളിംപിക്സിലാണ് ആദ്യം പങ്കെടുത്തത്. 100 മീറ്ററിന്റെ യോഗ്യത റൗണ്ടിൽ തന്നെ പുറത്തായി. എങ്കിലും 4-100 റിലേയിൽ സ്വർണ്ണം. അസോസിയേഷൻ ഓഫ് അമേരിക്കൻ യൂണിവേഴ്സിറ്റി മീറ്റിൽ 100 മീറ്ററിൽ സ്വർണ്ണം. തുടർച്ചയായ നാല് വർഷം വിൽമ തന്നെയായിരുന്നു സർവ്വകലാശാല മീറ്റിലെ താരം. റോം ഒളിംപിക്സിലേക്ക് വിൽമ യാത്രതിരിക്കുന്നത് ഏറെ മോഹങ്ങളും പ്രതീക്ഷകളും നെഞ്ചിലേറ്റിയായിരുന്നു. ലോകത്തിലെ അതിവേഗക്കാരിയായ ബെറ്റി കുട്ബർട്ടിന്റെ പിൻഗാമിയാവുക. 100 മീറ്റർ ഫൈനലിൽ എതിരാളികളെ മൂന്ന് വാരയോളം പിന്നിലാക്കിയായിരുന്നു ഫിനിഷിംഗ്. ലോക റെക്കോർഡ് തകർത്ത അതിസാഹസിക പ്രകടനം. 11 സെക്കന്റിലായിരുന്നു ഫിനിഷിംഗ്. ഷർളി സ്ട്രിക്‌ലാന്റ്, വിയേറ ക്രെപ്കിന എന്നിവരുടെ പേരിലുള്ള ലോക റെക്കോർഡ് വിൽമയുടെ വേഗതയ്ക്ക് മുന്നിൽ വഴിമാറി. എങ്കിലും ലോക റെക്കോർഡ് ബുക്കിൽ എഴുതി ചേർക്കപ്പെട്ടില്ല. നിർഭാഗ്യത്തിന്റെ രൂപത്തിലെത്തിയ കാറ്റിന്റെ വേഗതയാണ് തിരിച്ചടിയായത്. 200 മീറ്ററിലും വിൽമ തന്നെ ജേതാവായി. 24.13 സെക്കന്റിലായിരുന്നു സുവർണ ഫിനിഷിംഗ്. 1962ൽ 22-ാം വയസ്സിൽ യു.എസ്. സോവിയറ്റ് മീറ്റിൽ രണ്ട് സ്വർണ്ണം നേടി വിൽമ കളിക്കളത്തിലെ പോരാട്ടം അവസാനിപ്പിച്ചു. 1994 നവംബർ 12-നാണ് വിൽമ റുഡോൾഫ് ജീവിതത്തിന്റെ ട്രാക്കിൽ നിന്നും വിടചൊല്ലിയത്. ❑

## അഭിനന്ദനങ്ങൾ



നാസായും ആദിശങ്കര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും ചേർന്ന് സംഘടിപ്പിച്ച അഖിലലോക യുവ ശാസ്ത്രജ്ഞന്മാരുടെ മത്സരത്തിൽ പങ്കെടുത്ത് ഹയർ സ്റ്റഡീസിനുള്ള സ്കോളർഷിപ്പിന് അർഹനായ

**പ്രത്യുഷ് ജെ. ബിനു**

*(കൊറ്റനല്ലൂർ ശാലേം മാർത്തോമ്മാ ഇടവകയിൽ പ്ലസന്റ് വില്ലായിൽ (വള്ളിവിള കിഴക്കേതിൽ) ശ്രീ. ബിനു ജോയിയുടെ മകനാണ്)*



മാർത്തോമ്മാ
സൺഡേസ്കൂൾ സമാജം
പ്രൗഡ് സൺഡേസ്കൂളിൽ ടോപ്പ് വിന്നറായ

**കുമാരി. ജീനാ റ്റി. ഷാജി**

*(കൊറ്റനല്ലൂർ ശാലേം മാർത്തോമ്മാ ഇടവകാംഗമമാണ്.
റവ. മാത്യൂസ് മാത്തുണ്ണി – ഇടവക വികാരി)*

**അടുത്തലക്കം ഹെർമ്മോൻ ദൂതനിൽ പ്രസിദ്ധീകരിക്കുവാനുള്ള തിരുവചനധ്യാനങ്ങൾ, വാർത്തകൾ, ലേഖനങ്ങൾ, പഠനങ്ങൾ, കഥകൾ, കവിതകൾ, വിവാഹപരസ്യങ്ങൾ, കാര്യപരിപാടികൾ, വ്യക്തിഗത നേട്ടങ്ങൾ എന്നിവ അറിയിച്ചാൽ എഡിറ്റോറിയൽ കമ്മിറ്റിയുടെ അനുമതിക്കു വിധേയമായി അത് പ്രസിദ്ധീകരിക്കുന്നതിന് ആഗസ്റ്റ് 10 – നുമുൻപ് ലഭിച്ചിരിക്കണം. നിങ്ങളുടെ അഭിപ്രായങ്ങൾക്കും സ്വാഗതം**



**2017 ജൂലൈ – സെപ്റ്റംബർ**

**വിഷയം : വിദ്യാഭ്യാസം ജീവിതം തന്നെ**

*കൂടുതൽ വിവരങ്ങൾക്ക്:*

**റവ. പി.ജെ. തോമസ് – 9447804802, എഡിറ്റർ, ഹെർമ്മോൻ ദൂതൻ, ഹെർമ്മോൻ അരമന, അടൂർ – 691523**

E-mail: hermondoothan@gmail.com, email:rev.thomastharakan@gmail.com

*Youth Corner*



ശ്രീമതി. അഞ്ജന റെജി
ക്ലിനിക്കൽ സൈക്കോളജിസ്റ്റ്
ബെഥേൽ മാർത്തോമ്മാ ചർച്ച്
പോരുവഴി

# കൗമാരവും വൈകാരിക പ്രശ്നങ്ങളും

ആകുലചിന്ത (Anxiety), മോഹഭംഗം (Frustrucation), അന്തഃസംഘർഷം (Conflict) എന്നീ മുന്ന് പ്രശ്നങ്ങളാണ് കൗമാരക്കാരെ സാധാരണ അലട്ടുന്നത്. ഈ മാനസികാസ്വസ്ഥതകളുടെ പ്രധാന കാരണങ്ങളിലൊന്നായി അപകർഷതാബോധത്തെ ചൂണ്ടിക്കാണിക്കാം. സ്വന്തം കുറവുകളെക്കുറിച്ച് അമിതമായ ബോധമാണ് ഈ തോന്നലിനടിസ്ഥാനം. യാഥാർത്ഥ്യബോധത്തോടെ കാര്യങ്ങളെ വിലയിരുത്തുവാൻ കഴിയാത്തവരാണ് അപകർഷതാബോധത്തിന്റെ പിടിയിൽപ്പെടുന്നത്. ഇതിൽനിന്നും മോചനം നേടുന്നതിന് സ്വയം മതിപ്പ് വളർത്തിയെടുക്കേണ്ടതാണ്.

ആകുലചിന്ത എന്ന് പറയുന്നത് അകാരണമായി വേവലാതിപ്പെടുക എന്നതാണ്. ഇത് മനുഷ്യന്റെ മുഖഭാവത്തെപ്പോലും വികൃതമാക്കും. വൈകാരികാവശ്യങ്ങൾ സാധിക്കാതെവരുമ്പോഴുള്ള അസംതൃപ്തി, പലതും നേടാനുള്ള അഭിവാഞ്ച അതിനു തങ്ങൾ അപ്രാപ്യരാണെന്നറിയുമ്പോഴുള്ള പരാജയബോധം ഇവയെല്ലാംകൂടി അവരെ കാർന്നു കാർന്നു തിന്നു ആകുലചിന്തയായി രൂപപ്പെടുന്നു.

ആഗ്രഹങ്ങളും അഭിലാഷങ്ങളും പൂരിതമാകാതെവരികയോ അവയ്ക്ക് തടസ്സങ്ങളുണ്ടാവുകയോ ചെയ്യുമ്പോഴാണ് സാധാരണ മോഹഭംഗങ്ങളുണ്ടാവുന്നത് (Frustrtion). പ്രേമനൈരാശ്യം, കുടുംബകലഹം, പരീക്ഷയിലെ തോൽവി, മാതാപിതാക്കളുമായുള്ള അഭിപ്രായവ്യത്യാസങ്ങൾ ഇവയെല്ലാം മോഹഭംഗങ്ങൾക്ക് കാരണമാകാം.

അന്തഃസംഘർഷമാണ് കൗമാരക്കാരെ അലട്ടുന്ന മറ്റൊരു പ്രശ്നം. കൗമാരം ആരംഭിക്കുന്നതോടെ മക്കളെ മാതാപിതാക്കൾ കുട്ടികളായി കണക്കാക്കാറില്ല. എന്നാൽ സമൂഹം ഇവരെ മുതിർന്നവരായും അംഗീകരിക്കാറില്ല. ഇങ്ങനെ അംഗീകാരം കിട്ടാതെ വരുമ്പോഴാണ് മാനസിക സംഘട്ടനം ഉണ്ടാവുന്നത്. മാതാപിതാക്കളുടെയും മുതിർന്നവരുടെയും ശിക്ഷണത്തിൽ നിന്നും മുക്തി നേടി സ്വയം ചിന്തിക്കുവാനും പ്രവർത്തിക്കുവാനുമുള്ള ആവേശവും കൗമാരം ആരംഭിക്കുന്നതോടെ ഉണ്ടാകുന്ന ലൈംഗികാസക്തിയും, ലൈംഗീക കാര്യങ്ങളെക്കുറിച്ചുള്ള സംശയങ്ങളും കൗമാര മനസ്സിലെ സംഘർഷത്തിന് കാരണങ്ങളാണ്.

ഒന്ന് ഉപദേശിക്കുകയും മറ്റൊന്നു പ്രവർത്തിക്കുകയും ചെയ്യുന്ന മാതാപിതാക്കളുടെ ഇരട്ടനയവുമായി രമ്യപ്പെടുവാൻ കൗമാരക്കാർക്ക് കഴിയാറില്ല. മാതാപിതാക്കളോടുള്ള ദേഷ്യവും മനസ്സിൽ ഉയരുന്നു. പഠനത്തിൽ ശ്രദ്ധവെയ്ക്കാൻ സാധിക്കുന്നില്ല. തനിയെ ഇരുന്നാൽ എന്തെങ്കിലും വൈകൃതങ്ങൾ ചെയ്യാനുള്ള ആഗ്രഹം. സ്വയംഭോഗവും അതിനോടനുബന്ധിച്ചുള്ള കുറ്റബോധവും ഈ ആന്തരികസംഘർഷങ്ങൾ ആസ്ത്മ, തലവേദന, ഉറക്കമില്ലായ്മ തുടങ്ങിയ രൂപത്തിൽ ശരീരത്തെ ബാധിക്കുന്നു.

മുകളിൽപ്പറഞ്ഞ വൈകാരിക പ്രശ്നങ്ങൾക്കിടയിൽപ്പെട്ട് ഉലയുമ്പോഴാണ് ആനന്ദത്തിനായി മദ്യത്തിലേക്കും മയക്കുമരുന്നുകളിലേക്കും കൗമാരക്കാർ വഴുതിവീഴുന്നത്. എന്നാൽ ഇവയ്ക്ക് താല്ക്കാലിക ആശ്വാസമേ നൽകാൻ കഴിയൂ. മദ്യമായാലും മയക്കുമരുന്നുകളായാലും ലഹരി എന്തും അടിമപ്പെടുത്തുന്നതാണ്. കൂട്ടുകാരുടെ സ്വാധീനത്തിനും അംഗീകാരത്തിനുവേണ്ടി തുടങ്ങിയ ശീലം അകാലമരണത്തിലായിരിക്കും അവസാനിക്കുന്നത്.

കേരളത്തിൽ ആത്മഹത്യ പ്രവണത കൂടിവരുന്നെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. യുവജനങ്ങളാണ് ഇതിൽ മുന്നിട്ടുനിൽക്കുന്നത്. ജീവിതത്തിൽ പ്രതീക്ഷയില്ലാതാവുക, ചെറിയ പരാജയങ്ങൾ ഉണ്ടാകുമ്പോൾ തകരുക ഇതൊക്കെയാണ് കൗമാരക്കാരിൽ ആത്മഹത്യയ്ക്ക് മുഖ്യകാരണമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ❑

2017 ഏപ്രിൽ 27

**ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷം**

**ഡോ. അലക്സാണ്ടർ മെമ്മോറിയൽ ആഡിറ്റോറിയം, തിരുവല്ല**

# പ്രശ്നോത്തരി

**കഴിഞ്ഞ ലക്കത്തിലെ വിജയി**

**ജോളി രാജൻ, കൊച്ചിലയ്യത്ത് പുത്തൻവീട്,പുതുവൽ**

1. കുഞ്ഞമ്മ ഫിലിപ്പോസ്, കണ്ണംകോട് എം.റ്റി.സി.
2. വി.എ. വിൽസൺ, കുളക്കട സെന്റ് തോമസ്
3. പി.ജി. തോമസ്, കരുനാഗപ്പള്ളി
4. മോളി ജേക്കബ്, കറ്റാനം എം.റ്റി.സി.
5. ലീലാ സന്തോഷ്, ചുനക്കര സെന്റ് തോമസ്
6. ലാലി ജെയിംസ്, തേവലക്കര ഇമ്മാനുവേൽ
7. സോഫി ജോൺ, കുളക്കട സെന്റ് തോമസ്
8. റ്റി.എൻ. വർഗ്ഗീസ്, കൊടുമൺ സെഹിയോൻ
9. സുമി അനിൽ, ചാരുംമൂട് ക്രിസ്റ്റോസ്
10. ജോളി രാജൻ, പുതുവൽ എം.റ്റി.സി.
11. അന്നമ്മ കോശി, ഐരാണിക്കുഴി ഇമ്മാനുവേൽ
12. ഷിനി ഷിജു, അരിനല്ലൂർ ബഥേൽ
13. ആനി ജോൺ, കൂടൽ ബഥേൽ
14. ബോസ് കെ., പതാരം എം.റ്റി.സി.
15. ലിസി മാത്യു, കുളക്കട സെന്റ് തോമസ്
16. ജിജി ജേക്കബ്, തേവലക്കര ഇമ്മാനുവേൽ
17. ഷിജി ബാബു, കുളക്കട സെന്റ് തോമസ്
18. അൻസു സാറ, പുതുവൽ സെന്റ് തോമസ്
19. ശോശാമ്മ ജോൺ, അരിനല്ലൂർ ബഥേൽ
20. തോമസ് ജോർജ്ജ്, പത്തനാപുരം എം.റ്റി.സി.
21. ജേക്കബ് ശാമുവേൽ, വെട്ടിയാർ ശാലേം
22. മോളി യോഹന്നാൻ, കൊറ്റനല്ലൂർ എം.റ്റി.സി.
23. ഷീജാ സജി, താമരക്കുളം സെന്റ് തോമസ്
24. ഷേർളി തങ്കച്ചൻ, ചാരുംമൂട് ക്രിസ്റ്റോസ്
25. മേരിക്കുട്ടി ഏബ്രഹാം, വാത്തികുളം ബെഥേൽ
26. സാം വി. തോമസ്, അടൂർ ഇമ്മാനുവേൽ
27. ജോബിൻ പാപ്പച്ചൻ, തേവലക്കര ഹെബ്രോൻ
28. ജോഷ്വാ റ്റി., പറക്കോട് ഇമ്മാനുവേൽ
29. ശോഭാ റെജി, കൊറ്റനല്ലൂർ ശാലേം
30. മോളി കുഞ്ഞുമോൻ, താമരക്കുളം സെന്റ് തോമസ്
31. ലൗലി വർഗ്ഗീസ്, ഞക്കനാൽ ശാലേം
32. വി.ഐ. തോമസ്, പുതുവൽ സെന്റ് തോമസ്
33. ലിജോ ജോൺ, എലിക്കാട്ടൂർ എം.റ്റി.സി.
34. മറിയാമ്മ നൈനാൻ, പള്ളിക്കൽ സെന്റ് തോമസ്

**കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ**

1. നല്ല ഒരുക്കത്തോടും തയ്യാറെടുപ്പോടും
2. അധികാരമുള്ളവൻ
3. ക്രിസ്തുവിനോടൊപ്പം
4. മതേതരത്വം
5. വേഴാമ്പൽ
6. രക്ഷ
7. ശ്രീ. ലൂക്കോച്ചൻ

**ഈ ലക്കത്തിലെ ചോദ്യങ്ങൾ**

1. ശിഷ്യന്മാർ ഏറെനേരം ചിലവഴിച്ച ഇടം?
2. സുരക്ഷയുടെയും പാരമ്പര്യത്തിന്റെയും പേരിൽ അടിമകളാക്കപ്പെടുന്നതാര്?
3. ജ്ഞാനത്തിന്റെ ആരംഭം എന്താണ്?
4. എന്ത് നഷ്ടമായിക്കൊണ്ടിരിക്കുന്ന തലമുറയുടെ നടുവിലാണ് നാം ജീവിക്കുന്നത്?
5. രോഗിക്ക് മരുന്നിനേക്കാൾ ആശ്വാസം നൽകുന്നതെന്ത്?
6. തളർന്നുകിടന്നപ്പോൾ കണ്ട സ്വപ്നത്തെ യാഥാർത്ഥ്യമാക്കിയ പെൺകുട്ടി?
7. തൊഴിലിന്റെ മാഹാത്മ്യം കാട്ടിക്കൊടുക്കുവാൻ ചുമടെടുത്തതാര്?

**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാനാർഹനാകുന്നതാണ്. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി: 2017 ആഗസ്റ്റ് 30**

ഹെർമ്മോൻ ദൂതൻ പ്രശ്നോത്തരിക്ക് ലഭിക്കുന്ന അത്ഭുതപൂർവ്വമായ പ്രതികരണത്തിന് നന്ദി... ശരിയുത്തരം അയയ്ക്കുന്നവരിൽനിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയിയെ നിർണ്ണയിക്കുക. വിജയിക്കുള്ള സമ്മാനം ഭദ്രാസന കൺവൻഷനോട് ചേർന്ന് നൽകപ്പെടുന്നതാണ്. തുടർന്നും ഏവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

എഡിറ്റർ

## അടൂർ ഭദ്രാസനം പ്രത്യേക പരിപാടികൾ

| | |
|---|---|
| 2017 ഏപ്രിൽ 21 വെള്ളി | 4.30 പി.എം.-ഭദ്രാസന വൈദീക കുടുംബസംഗമം, അടൂർ യൂത്ത് സെന്റർ |
| 2017 ഏപ്രിൽ 29 ശനി | രാവിലെ 10 മണി - ബൈബിൾ ക്വിസ് & ബാലസമാജോത്സവം അടൂർ സ്പിരിച്ച്വാലിറ്റി സെന്റർ |
| 2017 മെയ് 12, 13, 14 | സൺഡേസ്കൂൾ ക്യാമ്പ്, അടൂർ യൂത്ത് സെന്റർ |
| 2017 മെയ് 24-27 | സ്റ്റുഡന്റ്സ് കോൺഫറൻസ് - പെരുമ്പാവൂർ |
| 2017 മെയ് 30 ചൊവ്വ | ഉച്ചയ്ക്ക് 2.30 ന്യൂ പാരീഷ് വിദ്യാർത്ഥി വിദ്യാലയ വർഷാരംഭ ശുശ്രൂഷ |
| 2017 ജൂൺ 3 ശനി | രാവിലെ 9.30 എ.എം. സൺഡേസ്കൂൾ ടാലന്റ് ടെസ്റ്റ്, കലയപുരം ശാലേം മാർത്തോമ്മാ ചർച്ച് |
| 2017 ജൂലൈ 8 ശനി | രാവിലെ 10 മണി - ഭദ്രാസന അസംബ്ലി |

# ജന്മദിനാശംസകൾ



ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം
വലിയ മെത്രാപ്പോലീത്താ
**ഏപ്രിൽ 27**



ഡോ. ജോസഫ് മാർത്തോമ്മാ
മെത്രാപ്പോലീത്താ
**ജൂൺ 27**



ഡോ. ഗീവർഗീസ് മാർ അത്തനാസ്യോസ്
സഫ്രഗൻ മെത്രാപ്പോലീത്താ
**ഏപ്രിൽ 26**




ഡോ. തോമസ് മാർ തീത്തോസ്
എപ്പിസ്കോപ്പാ
**മെയ് 10**

## അനുഗ്രഹീത ശുശ്രൂഷ നിർവ്വഹിച്ച്
## സജീവസേവനത്തിൽനിന്നും വിരമിച്ച്
## ഭദ്രാസനത്തിൽ നിന്നും യാത്രയാകുന്ന വൈദികശ്രേഷ്ഠർക്ക്
# ആശംസകൾ



വെരി.റവ. സ്കറിയാ എബ്രഹാം



റവ. മാത്യു സ്കറിയാ



റവ. മാത്തൻ മാത്യൂസ്



സുരക്ഷിത ഡ്രൈവിംഗ് - മൂന്നാം മാരത്തോണിൽ പങ്കെടുത്ത ഭദ്രാസനത്തിലെ വൈദികർ



പെൺകുഞ്ഞുങ്ങളുടെ സംരക്ഷണം ബോധവൽക്കരണ യാത്ര
മുംബൈ ഭദ്രാസനം ക്രമീകരിച്ച ബൈക്ക് റാലിക്ക് ഭദ്രാസനത്തിന്റെ സ്വീകരണം



ആശുപത്രിയിൽ സാന്ത്വനസ്പർശം - ഭദ്രാസനം മാർത്തോമ്മാ ഇടവക



ഭദ്രാസനം മാർത്തോമ്മാ വികാരി ഭവനത്തിന് തറക്കല്ലിടീൽ




## കാർഡിയോളജി ഡിപ്പാർട്ട്മെന്റ്

ഡോ.ജെയിംസ് തോമസ് MBBS, MS, MCH (THOR), MNAMS, PHD, FICS, FACS, FICC, FACC, ഡോ.അനിൽകുമാർ.എൻ MD (Gen. Med), DNB (Gen Med), DM(Cardio) എന്നീ വിദഗ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ മിതമായ നിരക്കിൽ ഹൃദ്രോഗ ചികിത്സ ലഭിക്കുന്നു. കുട്ടികളിലും മുതിർന്നവരിലും ഉണ്ടാകുന്ന വാൽവ് മാറ്റിവെയ്ക്കൽ (Valve Replacement), ബൈപാസ് സർജറി (Coronary artery bypass surgery), ഹൃദയത്തിന്റെ അറകൾക്കുണ്ടാകുന്ന രോഗങ്ങൾ (ASD, VSD), രക്തക്കുഴലിലുണ്ടാകുന്ന ബ്ലോക്ക്, Coronary Angiogram, Coronary Angioplasty എന്നീ ശസ്ത്രക്രിയകൾ കുറഞ്ഞ നിരക്കിൽ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.





## ഡയാലിസിസ് സെന്റർ (Kidney Dialysis Mission)

സെന്റ്. തോമസ് മിഷൻ ഹോസ്പിറ്റലിൽ ഡയാലിസിസ് യൂണിറ്റ് 2009ൽ പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ 9 ഡയാലിസിസ് മെഷീൻ പ്രവർത്തിക്കുന്നു. ഏറ്റവും കുറഞ്ഞ നിരക്കായ 650 രൂപയ്ക്ക് രോഗികൾക്ക് ഡയാലിസിസ് സേവനം നൽകുന്നു. ഒരുമാസം ഏകദേശം 270ഓളം ഡയാലിസിസ് നടത്തിവരുന്നു.

650 രൂപ നൽകി ഒരു പാവപ്പെട്ട രോഗിയുടെ കിഡ്നി ഡയാലിസിസിന് സഹായിക്കു...

## ഡിപ്പാർട്ട്മെന്റ് ഓഫ് ഒപ്താൽമോളജി (Give Sight Mission)

കേരളത്തിലെ പ്രധാന നേത്രചികിത്സാ കേന്ദ്രമായ ഈ ആശുപത്രിയുടെ നേത്രവിഭാഗം ആലപ്പുഴ ജില്ലയിൽ തിമിര ശസ്ത്രക്രിയയിലും ഒന്നാമതാണ്. Medical Retina Unit, Phaco Machine, A Scan, B Scan, OCT, Green Laser, Yag Laser , Cataract Surgery എന്നീ സേവനങ്ങൾ വിജയകരമായി നൽകിക്കൊണ്ടിരിക്കുന്നു.

1000 രൂപ നൽകൂ... മറ്റൊരാളുടെ കണ്ണിന് കാഴ്ച നൽകൂ...

## Eye camp and Medical camp

വിദഗ്ധരായ ഡോക്ടർമാരുടെ സേവനം ലഭിക്കുന്ന ഈ ക്യാമ്പുകൾ നടത്തുവാനായി ക്യാമ്പ് കോ-ഓർഡിനേറ്ററുമായോ ഓഫീസുമായോ ബന്ധപ്പെടുക. ഫോൺ: 9497545174

**അഡ്മിഷൻ 2017 - 18** **Courses Offered at St.Thomas Group of instituitions**

- ANM (2 Year)
- GNM (3 Year)
- DMLT (2 Year)
- B.Sc Optometry (4 Year)
- B.Sc Nursing (4 Year)
- B.Pharm (4 Year)
- M.Sc Nursing (2 Year)

ADVT.


Printed & Published by: Rev. Shibu Mathew (Manager), on behalf of Mar Thoma Sabha Adoor Diocese, Hermon Aramana, Adoor P.O.
Printed at Mar Thoma Press, Thiruvalla, Chief Editor: Rev. P.J. Thomas